പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 1

4.9.2007 ൽ മറുപടിയ്ക്ക്

# വില നിയന്ത്രണ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ.കെ. ലതിക ;<br>ശ്രീ. സാജുപോൾ ;<br>പ്രൊഫ. സി. രവീന്ദ്രനാഥ് ;<br>ശ്രീ. എസ്. രാജേന്ദ്രൻ ;<br>ശ്രീ. കെ.സി. രാജഗോപാലൻ ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) ഓണക്കാലത്തെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) കാലവർഷ കെടുതി, പകർച്ചപ്പനി, കുത്തകകളുടെ പ്രവർത്തനം എന്നീ കാരണങ്ങളാൽ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ സർക്കാർ കാലേകൂട്ടി ഒട്ടേറെ നടപടികൾ സ്വീകരിച്ചു. ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി സിറ്റി കോർപ്പറേഷനുകളിൽ 5 മെട്രോ പീപ്പിൾസ് ബസാറുകളും ജില്ലാ ആസ്ഥാനങ്ങളിൽ 11 ടൗൺ പീപ്പിൾസ് ബസാറുകളും എല്ലാ അസംബ്ലി മണ്ഡലങ്ങളിലും 129 ഓണം മാർക്കറ്റുകളുമടക്കം 145 വിൽപന കേന്ദ്രങ്ങൾ കേരളത്തിലുടനീളം പ്രവർത്തിച്ചു. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എല്ലാ വിൽപന ഔട്ട്ലെറ്റുകളും മിനി ഓണം ബസാറുകളായും പ്രവർത്തിച്ചു. ഈ വിൽപന കേന്ദ്രങ്ങളിലൂടെ പച്ചക്കറി, പച്ചക്കായ, പലവ്യഞ്ജനമടക്കമുള്ള നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം നടത്തി. മെട്രോ/ടൗൺ പീപ്പിൾസ് ബസാറുകളിൽ സപ്ലൈകോ സ്റ്റാളുകൾക്ക് പുറമെ ഗവൺമെന്റ് സ്ഥാപനങ്ങളായ MPI, MILMA, പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ്, കയർബോർഡ് എന്നിവയുടെ സ്റ്റാളുകളും പ്രവർത്തിച്ചിരുന്നു. 19.8.2007, 26.8.2007 എന്നീ ഞായറാഴ്ചകളിലും സപ്ലൈകോ വിൽപന ശാലകൾ തുറന്നു പ്രവർത്തിച്ചിരുന്നു. ഓണ ദിവസങ്ങളായ 22.8.2007 മുതൽ 26.8.2007 വരെ എല്ലാ മാവേലി സ്റ്റോറുകളും ഇടവേളയില്ലാതെ പ്രവർത്തിച്ചു. ഓണക്കാലത്ത് സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല സ്റ്റോക്ക് മോണിറ്ററിംഗ് സെല്ലും വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ പ്രത്യേക |

പരിശോധനാ സ്ക്വാഡുകളും പ്രവർത്തിച്ചിരുന്നു. ഈ ഓണക്കാലത്ത് എല്ലാ കാർഡുടമകൾക്കും 1.5 കിലോഗ്രാം പഞ്ചസാര റേഷൻ വിലയ്ക്ക് നൽകിയിരുന്നു.

ഓണക്കാലത്ത് വിലനിലവാരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിജിലൻസ് സ്ക്വാഡുകൾ 3520 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഇതിൽ 550 കേസുകളിൽ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിച്ചിട്ടുണ്ട്.

ബി) ഇതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വില എത്രമാത്രം കുറയ്ക്കാൻ കഴിഞ്ഞു ;

ബി) ഇതിന്റെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ചു നിറുത്താൻ കഴിഞ്ഞിട്ടുണ്ട്. പൊതുവിപണിയിലേതിനേക്കാൾ 30 മുതൽ 50 ശതമാനത്തിലേറെ വിലക്കുറവിൽ സപ്ലൈകോ സാധനങ്ങൾ വിൽപന നടത്തിയിട്ടുണ്ട്. ഓണക്കാലത്തെ പൊതു വിപണിയിലെ വിലയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിലയും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | സപ്ലൈകോ വില | പൊതുവിപണിയിലെ വില |
|---|---|---|---|
| 1 | ചെറുപയർ | 33.00 | 43.00 |
| 2 | ഉഴുന്ന് (ബോൾ) | 35.50 | 49.00 |
| 3 | ഉഴുന്ന് (പിളർന്നത്) | 34.00 | 45.00 |
| 4 | കടല (വലുത്) | 27.00 | 35.00 |
| 5 | തുവരപരിപ്പ് | 29.00 | 38.00 |
| 6 | വൻപയർ | 26.50 | 34.00 |
| 7 | പീസ് പരിപ്പ് | 18.00 | 24.00 |
| 8 | മുളക് | 48.00 | 60.00 |
| 9 | മല്ലി | 34.00 | 44.00 |
| 10 | ജീരകം | 96.00 | 140.00 |
| 11 | കടുക് | 22.00 | 29.00 |
| 12 | ഉലുവ | 28.00 | 36.00 |
| 13 | പഞ്ചസാര | 14.00 | 15.50 |

സി) എല്ലാ ജില്ലകളിലും പീപ്പിൾസ് ബസാറുകൾ ആരംഭിച്ചിട്ടുണ്ടോ ; ഇതിനോട് ജനങ്ങളുടെ പ്രതികരണം എങ്ങനെയാണ് ; ഇത് സ്ഥിരം സംവിധാനമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

സി) ഓണത്തോടനുബന്ധിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും പീപ്പിൾസ് ബസാറുകൾ 5.8.2007 മുതൽ 26.8.2007 വരെ പ്രവർത്തിച്ചിരുന്നു. ജനങ്ങളിൽ നിന്നും നല്ല രീതിയിലുള്ള പ്രതികരണമാണ് പീപ്പിൾസ് ബസാറുകൾക്ക് ലഭിച്ചത്. ഇത് സ്ഥിരം സംവിധാനമാക്കുന്നതിനെ സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ സർക്കാർ പരിഗണിച്ചുവരുന്നു.

| | | | |
|---|---|---|---|
| ഡി) | ഓണക്കാലത്ത് എത്ര കോടി രൂപയുടെ വില്പനയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലക്ഷ്യമിട്ടത് ; | ഡി) | ഓണക്കാലത്ത് 100 കോടി രൂപയുടെ വിൽപ്പനയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലക്ഷ്യമിട്ടിരുന്നത്. |
| ഇ) | മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | ഇ) | മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മാവേലി സ്റ്റോറുകളുടെ സ്ഥലസൗകര്യം വർദ്ധിപ്പിച്ചു കൊണ്ടും കൂടുതൽ ഇനം ഉൾപ്പെടുത്തികൊണ്ടും മാവേലി സ്റ്റോറുകൾ വിപുലീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. Self Service സംവിധാനം വ്യാപകമാക്കുന്ന കാര്യവും സിവിൽ സപ്ലൈസ് കോർപ്പറേഷൻ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 2 04-9-2007ൽ മറുപടിയ്ക്ക്

**എം.ഒ.പി., സെക്രട്ടേറിയറ്റ് മാന്വൽ പരിഷ്ക്കരണവും ഫയൽ തീർപ്പാക്കുന്നതിലെ കാലതാമസവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ,<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. പി.ടി.എ. റഹീം | വി.എസ്. അച്ചുതാനന്ദൻ<br>ബഹു. മുഖ്യമന്ത്രി |
| (എ) നിലവിലുള്ള ആഫീസ് നടപടി ക്രമങ്ങളിൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഫയലുകൾ അടിയന്തരമായി തീർപ്പുകല്പിക്കുന്നതിനായി ഓരോ മാസവും നടത്തുന്ന സ്റ്റാഫ് മീറ്റിങ്ങിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതു കൂടാതെ ചീഫ് സെക്രട്ടറിയുടെ മീറ്റിങ്ങിൽ വകുപ്പുകളുടെ ഓരോ മാസത്തേയും പ്രവർത്തന വിവരം അവലോകനം ചെയ്യുന്നുമുണ്ട്. ഫയലുകൾ ശരിയായ രീതിയിൽ പരിശോധിക്കാതെയും അനാവശ്യമായി വച്ചു താമസിപ്പിച്ചും തീരുമാനമെടുക്കുന്നതിൽ കാലവിളംബം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു പുറമെ മാസത്തിലൊരിക്കലെങ്കിലും സെക്രട്ടറിമാർ അവരുടെ വകുപ്പിലെ സെക്ഷനുകളിൽ പരിശോധന നടത്തി ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി അധികാരപ്പെടുത്തുന്ന ഒരു ടീം ജീവനക്കാരുടെ ഹാജർ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വകുപ്പുകളിൽ മിന്നൽ പരിശോധന |

2(1)



| | |
|---|---|
| | നടത്തി മേൽ നടപടികൾ എടുക്കണമെന്നും 3-8-2007-ലെ സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സെക്രട്ടറി തലത്തിൽ ഇതു സംബന്ധിച്ച് എടുക്കുന്ന നടപടികളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് 3 മാസത്തിലൊരിക്കൽ ചീഫ് സെക്രട്ടറി മുഖ്യമന്ത്രിക്ക് നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. |
| (സി) എം.ഒ.പി., സെക്രട്ടേറിയറ്റ് മാന്വൽ എന്നിവ കാലോചിതമായി പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) പരിശോധിച്ചു വരുന്നു. |
| (ഡി) ഓരോ വകുപ്പിലും വിവിധ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം വകുപ്പു തലവനിൽ കേന്ദ്രീകരിക്കുന്നതിനു പകരം താഴത്തെ നിലകളിൽ തീരുമാനമെടുക്കുവാൻ അധികാരം നൽകി അധികാര പുനർനിർണ്ണയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഓരോ വകുപ്പിലും നിശ്ചിത വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം താഴത്തേ തലങ്ങളിലേയ്ക്ക് വികേന്ദ്രീകരിച്ചു നൽകുന്ന കാര്യം പരിഗണിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. |

C Sobha

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 3

04-09-2007 ൽ മറുപടിയ്ക്ക്.

## സേലം റെയിൽവേ ഡിവിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ :<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീ.എം.ഹംസ :<br>ശ്രീ.വി.ചെന്താമരാക്ഷൻ :<br>ശ്രീ.ബാബു.എം.പാലിശ്ശേരി : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). നിർദ്ദിഷ്ട സേലം റെയിൽവേ ഡിവിഷൻ രൂപീകരണവുമായി ബന്ധപ്പെട്ട ഏറ്റവും ഒടുവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) . പാലക്കാട് റയിൽവേ ഡിവിഷൻ വിഭജിച്ച് സേലം ആസ്ഥാനമായി ഒരു പുതിയ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ മന്ത്രിസഭ ഇക്കാര്യം ചർച്ചചെയ്യുകയും സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം റയിൽ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തു. തുടർന്ന് മുഖ്യമന്ത്രി റെയിൽവെയുടെ ചുമതലയുള്ള മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ കേരളത്തിലെ എം.പി-മാരും, പാർട്ടിനേതാക്കളും അടങ്ങുന്ന നിവേദകസംഘം പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും നേരിൽക്കണ്ട് നിവേദനം നല്കി. തുടർന്ന് 30..06..2007-ൽ സംസ്ഥാനത്തെ മുഴുവൻ എം.പി-മാരുടേയും ഒരു യോഗം വിളിച്ചുചേർക്കുകയും പാലക്കാട് ഡിവിഷനെ വിഭജിച്ച് സേലം ആസ്ഥാനമാക്കി ഒരു പുതിയ ഡിവിഷൻ രൂപീകരിക്കുന്നതിനെതിരായി ശക്തമായ പ്രതിഷേധം പാർലമെന്റിലും പുറത്തും നടത്തുവാൻ തീരുമാനിക്കുകയുമുണ്ടായി. ഇതെത്തുടർന്ന് കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി കൂടിയാലോചിച്ച് മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ എന്ന ഒരു ഉറപ്പും സഭാതലത്തിൽ ലഭിക്കുകയുണ്ടായി. കേരള മുഖ്യമന്ത്രി ബഹു: റെയിൽമന്ത്രിയേയും ബഹു: പ്രധാനമന്ത്രി യേയും നേരിൽ കണ്ട് ഇതേ ആവശ്യം ഉന്നയിക്കുകയും കേരളത്തിന് ഒരു സോൺ അനുവദിക്കണം എന്ന ആവശ്യം ശക്തമായി ഉന്നയിക്കുകയും ചെയ്തു. ഇക്കാര്യങ്ങളിൽ തികച്ചും സ്വാഗതാർഹമായ പ്രതികരണമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത്. |

3(1)

| | |
|---|---|
| (ബി). ഈ വിഷയം സംബന്ധിച്ച് റെയിൽവേ മന്ത്രി മുഖ്യമന്ത്രിയ്ക്ക് എന്തെങ്കിലും ഉറപ്പു നൽകിയിട്ടുണ്ടോ ; | (ബി). ഇതു സംബന്ധിച്ച് രേഖാമൂലം ഉറപ്പൊന്നും ലഭിച്ചിട്ടില്ല. |
| (സി) തമിഴ്നാട് -കേരള മുഖ്യമന്ത്രിമാരുമായി പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചർച്ചയ്ക്കുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ ; | (സി). ചർച്ചയ്ക്ക് തീയതി നിശ്ചയിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ചിട്ടില്ല. |
| (ഡി). പാലക്കാട് ഡിവിഷനിൽ നിന്നും ഭൂരിഭാഗം പ്രദേശങ്ങളും അടർത്തിയെടുത്ത് സേലം ഡിവിഷൻ രൂപീകരിക്കുന്നതിനെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമോ ? | (ഡി). പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് സേലം ആസ്ഥാനമാക്കി ഒരു പുതിയ റെയിൽവേ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള തീരുമാനം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ സംസ്ഥാന സർക്കാർ ശക്തമായ പ്രതിഷേധം റെയിൽ മന്ത്രാലയത്തെ അറിയിച്ചു. കേരള നിയമസഭ ഇതിനെതിരെ ഐകകണ്ഠേന പ്രമേയം പാസാക്കുകയും അത് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തു. മുഖ്യമന്ത്രിയും കേരളത്തിലെ റെയിൽവേയുടെ ചുമതലയുള്ള സംസ്ഥാന നിയമ പാർലമെന്ററികാര്യമന്ത്രിയും കേന്ദ്ര റെയിൽവേമന്ത്രിക്കും പ്രധാനമന്ത്രിക്കും നിവേദനങ്ങൾ നൽകുകയും ചർച്ചകൾ നടത്തുകയും ചെയ്തു. കൂടാതെ ഇത് സംബന്ധിച്ച് മുഖ്യമന്ത്രിയുടേയും സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയുടേയും കേരളത്തിൽ നിന്നുള്ള എം.പി-മാരുടേയും നേതൃത്വത്തിൽ നിവേദകസംഘം പ്രധാനമന്ത്രിയെക്കണ്ട് ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനസർക്കാർ ഈ വിഷയത്തിൽ ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.<br>സേലം ഡിവിഷൻ രൂപീകരിക്കുന്നതിനെതിരെയല്ല മറിച്ച് പാലക്കാട് ഡിവിഷനിൽനിന്നുമാത്രം അതിർത്തി വിഭജിച്ച് പുതിയ ഡിവിഷൻ ഉണ്ടാക്കുന്നതിനോടാണ് സംസ്ഥാനസർക്കാരിന് ശക്തമായ എതിർപ്പുള്ളത്. |

സെക്ഷൻ ഓഫീസർ.

I

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം | 04.09.2007 ൽ |
| നമ്പർ : 4 | മറുപടിക്ക് |

" പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീമതി. പി. അയിഷാ പോററി<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ബി. രാഘവൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) പ്രധാന പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, ഖാദി, കശുവണ്ടി, കരകൗശലം, ഈറ, മുള, ബീഡി എന്നിവയെ സഹായിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയുംവിധമാണ്.<br><br>• കയർ മേഖല:-<br><br>അനുബന്ധം I ൽ കാണാവുന്നതാണ്.<br><br>• കൈത്തറി മേഖല-<br><br>കണ്ണൂർ ജില്ലയിൽ പുതുതായി ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും, ആയതിനായി ഒരുകോടി രൂപ അനുവദിക്കുകയും |

ചെയ്തു. ഫാക്ടറി ടൈപ്പ് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് മിനി പ്രീലൂം പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി 2006- 07 ൽ 31 പ്രാഥമിക സംഘങ്ങൾക്ക് 60 ലക്ഷം രൂപ നൽകുകയുണ്ടായി. പുതിയ മൂല്യാധിഷ്ഠിത ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിനായി ററി.പി.ഡി.സി മുഖാന്തിരം നൂതനമായ ഡിസൈനുകൾ തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾ ആഴ്ചയിൽ ഒരു ദിവസം കൈത്തറി / ഖാദി യൂണിഫോം ധരിക്കണമെന്നു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ ശനിയാഴ്ച ദിവസം കൈത്തറി /ഖാദി വസ്ത്രം ധരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കുഴിനൂൽ സബ്സിഡി ഇനത്തിൽ കഴിഞ്ഞ വർഷം 2 കോടി രൂപയും തിരുവനന്തപുരം ജില്ലയിലെ കൈത്തറി സംഘങ്ങൾക്ക് 2001-02 ലെ റിബേററ് കുടിശ്ശികയായി 122 ലക്ഷം രൂപയും ഹാൻവീവിനും, ഹാൻടെക്സിനും 2004-05 ലെ റിബേററ് കുടിശ്ശികയായ 1.78 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ നിർദ്ദേശമനുസരിച്ച് സംസ്ഥാനത്ത് 433 സംഘങ്ങളുടെ ആഡിററ് നടത്തി അതിന്റെ വിശദ വിവരം നബാർഡ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റിനു സഹായത്തിനായി നൽകിയിട്ടുണ്ട്. 2007-08 വർഷത്തിലെ പ്രധാന പദ്ധതികളും അവയുടെ വിഹിതവും അനുബന്ധം 2 - ൽ കാണാവുന്നതാണ്.

- ഖാദി മേഖല :-

ഖാദി ഗ്രാമ വ്യവസായങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി 490 ലക്ഷം രൂപ ഈ

സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. ഖാദി തുണിത്തരങ്ങളുടെ ചില്ലറ വില്പനയ്ക്ക് അനുവദിച്ചിരുന്ന റിബേററ് തുടർന്നും അനുവദിച്ചിട്ടുണ്ട്. റിബേററ് തുടർന്നും നൽകുന്നതിനായി 473 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾക്ക് യൂണിററുകൾ ആരംഭിക്കുന്നതിനായി ഒരു ഗ്രാമ പഞ്ചായത്തിൽ 10 എന്ന കണക്കിന് പതിനൊന്നാം പദ്ധതിക്കാലത്ത് ധനസഹായം നൽകുന്നതാണ്. ബാങ്ക് വഴി ലഭിക്കുന്ന വായ്പയ്ക്ക് പദ്ധതി തുകയുടെ 30% മുതൽ 50% വരെ മാർജിൻ മണി ആയി നൽകുന്നതാണ്. പരമാവധി 50,000/- രൂപ വരെയുള്ള പ്രോജക്ടുകൾക്ക് ഈ പദ്ധതിയിൻ കീഴിൽ സഹായം നൽകും. ഇതിനായി ഈ സാമ്പത്തിക വർഷം 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

- കശുവണ്ടി മേഖല:-

2006-07 സാമ്പത്തിക വർഷം കാഷ്യൂ കോർപ്പറേഷന്റെ ബാങ്ക് ബാധ്യത തീർക്കുന്നതിന് വാർഷിക ഗഡുവായി 22.32 കോടി രൂപയും പ്രവർത്തന മൂലധനമായി 11 കോടി രൂപയും കാപ്പക്സിന് 4 കോടി രൂപയും നൽകിയിട്ടുണ്ട്. 2007-08 സാമ്പത്തിക വർഷത്തേയ്ക്ക് ബാങ്കു വായ്പയുടെ ഗഡു അടയ്ക്കുന്നതിനു വേണ്ടി 30 കോടി രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടിവ്യവസായത്തിന്റെയും കശുമാവുകൃഷിയുടെയും വികസനത്തിനു വേണ്ടി 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ

വിവിധ തലങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1400 പേർക്ക് പുതിയതായി നിയമനം നൽകി. തൊഴിലാളികളുടെ മിനിമം കൂലി 2007 ജനുവരി 1 മുതൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഒരു കാഷ്യു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടിയുടെ ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ വിവിധ ജില്ലകളിൽ ഔട്ട്ലറ്റുകൾ തുറന്ന് കൺസ്യൂമർഫെഡ്, ത്രിവേണി എന്നിവ വഴി കശുവണ്ടിപ്പരിപ്പ് വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നിയന്ത്രണത്തിൽ കശുമാവ് കൃഷിയുടെ വ്യാപനത്തിനായി കൊല്ലത്ത് കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ എന്ന ഏജൻസിക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- **കരകൗശലം, ഈറ്റ/മുള മേഖലകൾ :-**

ഈറ്റ/മുള വികസനം ഉൾപ്പെടെ കരകൗശല മേഖലയുടെ അഭിവൃദ്ധിക്കും പുനരുദ്ധാരണത്തിനുമായി താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം 104 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പ്രാഥമിക കരകൗശല സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം ഉറപ്പു വരുത്തൽ, വാർദ്ധക്യകാല പെൻഷൻ, കരകൗശല

| | |
|---|---|
| | മേഖലയിലെ അഗ്രതല സ്ഥാപനങ്ങൾ വഴി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കൽ, ദേശീയ പിന്നോക്ക ധനകാര്യ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ വായ്പാ പദ്ധതി നടപ്പാക്കൽ, കോമൺ ഫെസിലിററി സർവീസ് സെന്ററുകൾ ആരംഭിക്കൽ, നിലവിലുളളവ നവീകരിക്കൽ, പുതിയ ഡിസൈനുകൾ പ്രോൽസാഹിപ്പിക്കൽ എന്നിവയാണ് പദ്ധതികൾ.<br><br>കരകൗശല മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം കരകൗശല വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നു. ഇതിനാവശ്യമായ പരിശീലനവും സഹായവും കോർപ്പറേഷൻ നൽകിവരുന്നു. കരകൗശല കലാകാരന്മാരുടെ ക്ളസ്ററുകളിൽ കോമൺ ഫെസിലിററി സർവീസ് സെന്ററുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുളള പരിശീലനം തൊഴിലാളികൾക്ക് സുരഭി വഴി നൽകി വരുന്നു. കൂടാതെ വിവിധ ക്ഷേമ പദ്ധതികളും നടപ്പാക്കിവരുന്നു.<br><br>ഈററ, മുള മേഖലയിൽ സംസ്ഥാന ബാംബൂ കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെയും നാഷണൽ ബാംബൂ മിഷന്റെയും സാമ്പത്തിക സഹായത്തോടെ ഈററവെട്ട് - പനമ്പ് - നെയ്ത്ത് തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളും ദിവസ വരുമാനവും വർദ്ധിപ്പിക്കുന്നതിനായി വിവിധപ്രദേശങ്ങളിൽ കമ്മ്യൂണിററി പനമ്പ് - നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിച്ചു. ബാംബൂ ബോർഡ് ഫാക്ടറിയുടെ ആധുനികവൽകരണത്തിനും, വൈവിധ്യവൽകരണത്തിനുമായി 370 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുവാനുളള നടപടികൾ കോർപ്പറേ |

| | |
|---|---|
| | ഷൻ സ്വീകരിച്ചു വരുന്നു.<br>• ബീഡി<br>ബീഡി വ്യവസായ രംഗത്തെ പ്രതിസന്ധിയെ തുടർന്ന് ടി രംഗത്തെ പുനരുദ്ധാരണത്തിനും ബീഡിത്തൊഴിലാളികളുടെ പുനരധിവാസത്തിനുമായി 2006-07 വർഷത്തിൽ 4 കോടി രൂപ കേരളാ ദിനേശ് ബീഡി സഹകരണ സംഘത്തിന് അനുവദിച്ചു. ഈ ഫണ്ട് ഉപയോഗിച്ച് ദിനേശ് ബീഡിയുടെ വൈവിദ്ധ്യവല്ക്കരണം നടത്തി വരുന്നു. |
| (ബി) ഇതിന്റെ ഫലമായി കയർ, കൈത്തറി മേഖലകളിൽ ആശ്വാസമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (ബി) ഉണ്ട്. കയർ മേഖലയിലും കൈത്തറി മേഖലയിലും എത്തിക്കാൻ കഴിഞ്ഞ ആശ്വാസ നടപടികൾ താഴെ പറയും വിധമാണ്.<br>• കയർ<br>കയർ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 430 സംഘങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 1982.70 ലക്ഷം രൂപ വിതരണം ചെയ്തു. ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി 7 സംഘങ്ങൾക്ക് ആകെ 187.58 ലക്ഷം രൂപ നൽകിയിട്ടുണ്ട്. NCRMI യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം 50 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം 151 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കയർ ഭൂവസ്ത്ര പദ്ധതിക്കായി NCRMI ക്ക് 50 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. MDA, PMI പദ്ധതികൾക്കായി ധനസഹായം അനുവദിച്ചു വരുന്നു. CFSC പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 25 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഡിസ്ട്രസ് പർച്ചേയ്സ് |

| | |
|---|---|
| | പദ്ധതിയിലൂടെ 860.51 ലക്ഷം രൂപയുടെ കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും സംഭരിച്ച് ഈ വർഷം ഇതിനു വേണ്ടി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനും കയറുല്പന്നങ്ങളുടെ പരസ്യങ്ങൾ നൽകുന്നതിനും വേണ്ടി കഴിഞ്ഞ വർഷം 1 ലക്ഷം രൂപയുടെ ധനസഹായം നൽകിയിരുന്നു. ഈ വർഷത്തിൽ ഇതുവരെ ഈ ഇനത്തിൽ 2,11,301 രൂപയും ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ ഉൾപ്പെടെ കയർ വ്യവസായത്തെ സഹായിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി 2006-07 വർഷത്തിൽ 47.965 കോടി രൂപയും 2007-08 വർഷത്തിൽ ഇതുവരെ 18.60 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.<br><br>• കൈത്തറി<br>(എ) പിരിവിൽ പറഞ്ഞിരിക്കുന്ന കൈത്തറി മേഖലയിൽ സ്വീകരിച്ച നടപടികളുടെ ഫലമായി ഈ മേഖലയിൽ ആശ്വാസമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കൈത്തറി സംഘങ്ങളുടെയും അപ്പക്സ് സംഘത്തിന്റെയും നഷ്ടം എഴുതിത്തള്ളുന്ന കാര്യവും, സഹകരണ ബാങ്കുകളിൽ നിന്ന് കൈത്തറി സംഘങ്ങൾക്കും അപ്പക്സ് സംഘത്തിനുമുള്ള വായ്പ One time settlement ഉണ്ടാക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. |
| (സി) കൈത്തറി മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം തടയുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) കൈത്തറി മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം തടയുന്നതിന് ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

കയർ വ്യവസായത്തെ സഹായിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ

- ❖ കയർ വ്യവസായ സഹകരണ സംഘങ്ങൾ സർക്കാരിനും എൻ.സി.ഡി.സി-യ്ക്കും നൽകാനുള്ള കടബാദ്ധ്യത ഓഹരി മൂലധനമാക്കി മാറ്റി സംഘങ്ങളുടെ ധനസമാഹരണ പ്രാപ്തി വർദ്ധിപ്പിച്ച് സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കുന്നതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു.
- ❖ കയർ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി one time settlement നടത്തുന്നതിനുള്ള നടപടി എടുത്തു വരുന്നുണ്ട്.
- ❖ കയർ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു നൂതന പുനരുദ്ധാരണ പദ്ധതി കഴിഞ്ഞ വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു.
- ❖ കയറിനും, കയറുല്പന്നങ്ങൾക്കും ശരിയായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടേയും ഡിപ്പോകളുടേയും ചൂഷണത്തിൽ നിന്നും കയർ മേഖലയെ രക്ഷപ്പെടുത്തുന്നതിനുമായി ചെറുകിട ഉല്പാദകരേയും സഹകരണ സംഘങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് Purchase Price Enforcement Scheme നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി കയറും കയറുല്പന്നങ്ങളും കേരളാ കയർ കോർപ്പറേഷൻ വഴിയും കയർഫെഡുവഴിയും ന്യായവിലയ്ക്ക് സംഭരിക്കുകയും ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യും. സ്വകാര്യ കയറ്റുമതിക്കാർ അവർക്കാവശ്യമായി വരുന്ന കയറ്റുമതിയ്ക്കുള്ള കയറുല്പന്നങ്ങൾ ഈ സംഭരണകേന്ദ്രങ്ങളിൽ നിന്നും വാങ്ങണമെന്ന് നിഷ്ക്കർഷിക്കും. തൊഴിലാളികൾക്ക് അർഹമായ കൂലി നൽകി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളേ സംഭരിക്കുകയുള്ളൂ. ഇത് ഈ മേഖലയിലെ പ്രതിസന്ധിയ്ക്ക് ഒരു പരിധി വരെ പരിഹാരമാകും.

- ❖ തൊണ്ട് ശാസ്ത്രീയമായി സംഭരിക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കും. ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി ഉൾനാടൻ മേഖലയിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു. ഇത് ചകിരി ക്ഷാമം പരിഹരിക്കാനുതകും.

— — — — —

- ❖ കയർ മേഖലയിലെ ഗവേഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് കുടപ്പനക്കുന്നിൽ നിർമ്മാണത്തിലിരിയ്ക്കുന്ന ദേശീയ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും. കയർ മേഖലയിൽ നൂതന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും പുതിയ യന്ത്ര സാമഗ്രികൾ വികസിപ്പിക്കുന്നതിനു ം ലക്ഷ്യമിടുന്നുണ്ട്.

- ❖ ആധുനിക രീതിയിൽ ഉല്പാദന ശേഷിയുള്ള കയർ ഫാക്ടറികൾ സഹകരണ മേഖലയിൽ സ്ഥാപിക്കുന്നതാണ്. ചകിരിയും ജൂട്ടും നിശ്ചിത അനുപാതത്തിൽ ചേർത്ത് യാൺ ഉണ്ടാക്കുന്ന ഫാക്ടറിയും കയർ മാറ്റിംഗ് കൊണ്ട് Coir Composite Board നിർമ്മിക്കുന്ന ഫാക്ടറിയും സ്ഥാപിക്കുന്നതിന് നടപടി എടുത്തു വരുന്നു.
- ❖ കയർഫെഡ് പുനഃസംഘടിപ്പിച്ച് ലാഭകരമാക്കി പ്രവർത്തിപ്പിക്കാൻ സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കയർ ഫെഡുമായി രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്ക് കൂടുതൽ ഉല്പാദനം നടത്തുന്നതിന് അതുവഴി തൊഴിലവസരം സൃഷ്ടിക്കുന്നതിനു ംസാധിക്കും

- ❖ കയർ ഭൂവസ്ത്ര വികസന പദ്ധതിയ്ക്ക് പ്രത്യേക ഊന്നൽ നൽകും. Geo-textiles Development Programme ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജിയോടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും PWD Manual-ൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.

- ❖ ഇവ കൂടാതെ Market Development Assistance, Production & Marketing Incentive, Assistance for setting up of Common Facility Service Centre തുടങ്ങി 11-ാം പഞ്ചവത്സര പദ്ധതിയിലെ സ്കീമുകളും ~~ഈ വർഷം മുതൽ~~ നടപ്പിലാക്കി ~~തുടങ്ങും~~. വരുന്നു

- ❖ കേന്ദ്രാവിഷ്കൃത പദ്ധതിയായ Regeneration of Traditional Industries വഴിയായി 4 ക്ലസ്റ്ററുകൾ ചിറയിൻകീഴ്, മങ്ങാട്, വൈക്കം, ബേപ്പൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കും.

- ❖ ആവശ്യമായ ഘട്ടങ്ങളിൽ വിപണിയിൽ സർക്കാരിന്റെ ഇടപെടൽ ഉറപ്പുവരുത്തും.

- ❖ കയറുല്പന്നങ്ങളുടെ ആഭ്യന്തര- വിദേശ വിപണി മെച്ചപ്പെടുത്തുന്നതിനായി രാജ്യത്തെ പ്രധാന നഗരങ്ങളിൽ വ്യാപാര മേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിന് ധനസഹായം നൽകി വരുന്നു. കൂടാതെ ദൂരദർശൻ, ആകാശവാണി, പ്രധാന പത്രങ്ങൾ, മാസികകൾ തുടങ്ങിയവ വഴി നടത്തുന്ന പരസ്യച്ചെലവിന്റെ 50% തുക ഗ്രാന്റായി സർക്കാർ, കയർഫെഡ്,

കയർകോർപ്പറേഷൻ, ഫോം മാറ്റിംഗ്സ്(ഇൻഡ്യ) ലിമിറ്റഡ് എന്നിവയ്ക്ക് നൽകി വരുന്നു.

- കേരളത്തിലെ കയറിനും കയറുല്പന്നങ്ങൾക്കും ഒരു ബ്രാന്റ് ഇമേജ് ഉണ്ടാക്കുന്നതിന് നടപടികൾ എടുത്തു വരുന്നുണ്ട്. ഇതിനായി 40 ലക്ഷം രൂ NCRMI യ്ക്ക് നൽകിയിട്ടുണ്ട്. 2007 ജനുവരി 26 ന് Kerala Coir - 'Golden yarn of God's own country' എന്ന Logo ഔപചാരികമായി പുറത്തിറക്കിയിരുന്നു. കയർ ഉല്പന്നരംഗത്തെ ഉൽപ്പാദകർക്ക് ഗുണമേൻമ ചിഹ്നമായി Logo ഉപയോഗിക്കാനും അവരുടെ ഉല്പന്നങ്ങളുടെ ഗുണ മേൻമ സർട്ടിഫൈ ചെയ്യാനും NCRMI യെ ചുമതലപ്പെടുത്തുന്ന കാര്യത്തിന് നടപടി എടുത്തു വരുന്നുണ്ട്. കയറുല്പന്നങ്ങൾക്ക് Brand നൽകുന്നത് വിപണനത്തെ പ്രോത്സാഹിപ്പിക്കും.
- യന്ത്രവൽകൃത സ്പിന്നിംഗ് മിൽ / ഡീഫൈബറിംഗ് മില്ലുകൾക്കുള്ള ഗ്രാന്റ്, മഹിളാ കയർ യോജനാ പദ്ധതി, മാർജിൻ മണി ലോൺ, ടെക്നോളജി ഫോർ കയർ പിത്ത് യൂട്ടിലൈസേഷൻ / പൊല്യൂഷൻ കൺട്രോൾ, റെഗുലേറ്റഡ് മെക്കാനിസം ഓഫ് കയർ ഇൻഡസ്ട്രി അടിസ്ഥാന സൗകര്യ വികസന പദ്ധതി, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ എന്നിവയ്ക്കുള്ള ധന സഹായങ്ങൾ, കയറ്റുമതിക്കാർക്കുള്ള ധന സഹായങ്ങൾ, ടെക്നോളജി അപ്ഗ്രഡേഷൻ സ്കിൽ അപ്ഗ്രഡേഷനും പദ്ധതി എന്നിവയും കയർ വ്യവസായത്തെ സഹായിക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

41(10)

# അനുബന്ധം II

2007-08-ലെ പ്രധാന പദ്ധതികളും അവയുടെ വിഹിതവും താഴെ ചേർക്കുന്നു.

**<u>സംസ്ഥാന പദ്ധതികൾ</u>**

| | | |
|---|---|---|
| വിപണനവും കയറ്റുമതി പ്രോത്സാഹന പദ്ധതിയും | - സംസ്ഥാനവിഹിതം | - 40 ലക്ഷം രൂപ |
| പരിശീലന വൈദഗ്ദ്ധ്യ വികസനപരിപാടി | - സംസ്ഥാനവിഹിതം | - 20 ലക്ഷം രൂപ |
| ഹാന്റക്സ്, ഹാൻവീവ്, അസംസ്കൃതബാങ്ക് എന്നിവയിലൂടെയുള്ള കൈത്തറി വികസനം | - സംസ്ഥാനവിഹിതം | - 80 ലക്ഷം രൂപ |
| ഹാന്റക്സ്/ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം. | - സംസ്ഥാനവിഹിതം | - 30 ലക്ഷം രൂപ |
| ഫാക്ടറി മാതൃക സംഘങ്ങളുടെ ആധുനിക വൽക്കരണം, യന്ത്രത്തറി ഉന്നമനം. | - സംസ്ഥാനവിഹിതം | - 15 ലക്ഷം രൂപ |
| മിനിപ്രീലൂം പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കൽ | - സംസ്ഥാനവിഹിതം | - 20 ലക്ഷം രൂപ |
| സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തലും കൈത്തറി നെയ്ത്തുകാർക്ക്/തൊഴിലാളികൾക്ക് പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റവും. | - സംസ്ഥാനവിഹിതം | - 20 ലക്ഷം രൂപ |
| ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ (അധിക കേന്ദ്രസഹായ പദ്ധതി) | - വിഹിതം (എ.സി.എ) | - 200 ലക്ഷം രൂപ |
| കൈത്തറി സഹകരണ സംഘങ്ങളെയും അപക്സ് സംഘങ്ങളെയും പുനരുദ്ധരിക്കലും ശക്തിപ്പെടുത്തലും. | വിഹിതം | - 150 ലക്ഷം രൂപ |
| ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വിദഗ്ധ നെയ്ത്തുകാർക്ക് പ്രോത്സാഹനം | - സംസ്ഥാനവിഹിതം | - 50 ലക്ഷം രൂപ |
| കൈത്തറി വ്യവസായത്തിൽ പ്രാദേശിക ബ്രാന്റുകളുടെ വികസനം | - സംസ്ഥാനവിഹിതം | - 100 ലക്ഷം രൂപ |
| കൈത്തറി നെയ്ത്തുകാർക്ക് വൈദഗ്ദ്ധ്യം ഉയർത്തൽ/പരിശീലനത്തിനായി നെയ്ത്തുകാർക്കുള്ള സേവന കേന്ദ്രങ്ങൾ സ്ഥാപിക്കൽ | - സംസ്ഥാനവിഹിതം | - 65 ലക്ഷം രൂപ |
| സാങ്കേതിക വിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കൽ ( എ.സി.എ പദ്ധതി) | - സംസ്ഥാനവിഹിതം | - 100 ലക്ഷം രൂപ |

---

## പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ

| | | |
|---|---|---|
| ദീൻദയാൽ ഹാത്കർഘാ പ്രോത്സാഹൻ യോജന (50% കേന്ദ്രവിഹിതം) | - സംസ്ഥാനവിഹിതം | - 1500 ലക്ഷം രൂപ |
| കയറ്റുമതി ഉല്പന്ന വികസന വിപണന പദ്ധതി (25% സംസ്ഥാന വിഹിതം) | - സംസ്ഥാനവിഹിതം | - 20 ലക്ഷം രൂപ |
| അംശദാന സമ്പാദ്യ പദ്ധതി (60% സംസ്ഥാന ഓഹരി) | - സംസ്ഥാനവിഹിതം | - 30 ലക്ഷം രൂപ |
| | - കേന്ദ്രവിഹിതം | - 30 ലക്ഷം രൂപ |
| ഭവനങ്ങളോട് ചേർന്ന പണിശാലകളുടെ നിർമ്മാണം (100% കേന്ദ്രസഹായം) | - കേന്ദ്രവിഹിതം | - 250 ലക്ഷം രൂപ |
| എൻഫോഴ്സ്മെന്റ് മെഷിനറി ( 100% കേന്ദ്ര സഹായം) | - കേന്ദ്രവിഹിതം | - 30 ലക്ഷം രൂപ |
| കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (50% സംസ്ഥാന ഓഹരി) | സംസ്ഥാനവിഹിതം | - 12 ലക്ഷം രൂപ |

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *5

04-09-2007 -ൽ
മറുപടിക്ക്

## കെൽട്രോണിന്റെ നവീകരണം.

ചോദ്യം

ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി. ജെ. അരുന്ധതി:

(എ) കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

മറുപടി

ശ്രീ .എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ)കെൽട്രോണിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇൻഡ്യൻ നേവിക്കുവേണ്ടി " സോണാർ അറേ " (Sonar Array) നിർമ്മിക്കുന്നതിനായി എൻ.പി.ഒ.എൽ (NPOL)- മായി ടെക്നോളജി ട്രാൻസ്ഫർ ഒപ്പുവയ്ക്കുകയും ഇതിനുള്ള അടിസ്ഥാന സൗകര്യ വികസനം അരൂരിലെ കെൽട്രോൺ കൺട്രോൾസിൽ നടപ്പാക്കിത്തുടങ്ങുകയും ചെയ്തു. മലിനീകരണ നിയന്ത്രണത്തിനും പരിസ്ഥിതി നിരീക്ഷണ സംവിധാനത്തിനുമായി DURAG, Germany- യുമായി MOU ഒപ്പുവയ്ക്കുകയും എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇ.ആർ. പി. പാക്കേജ് വികസനരംഗത്തെ പ്രഗത്ഭരായ എസ്.എ.പി.എ.ജി.യുമായി കെൽട്രോൺ കരാറിൽ ഏർപ്പെടുകയും SAP നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. റ്റി.ഇ.യു. മൂടാടിയിൽ ആധുനിക സാങ്കേതിക വിദ്യയുടെ മുഖ്യഘടകമായ എസ്.എം.റ്റി. സ്ഥാപിച്ചു കഴിഞ്ഞു. ഐ.എസ്.ആർ.ഒ.യുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി കരാറിൽ ഏർപ്പെടുകയും ടെസ്റ്റ് സെറ്റ് അപ് സ്ഥാപിക്കുകയും ചെയ്തു, C-DAC- മായി Area Traffic Systems നിർമ്മിക്കുന്നതിനുള്ള Technology Transfer ഒപ്പുവയ്ക്കുകയും ടെൻഡറുകളിൽ

5(1)

പങ്കെടുക്കാനുള്ള സാദ്ധ്യത തേടുകയും ചെയ്തു. ട്രാൻസ് ഫോർമർ രംഗത്തെ നൂതനമായ "High Voltage High Frequency Transformer" വികസിപ്പിച്ചെടുത്തു. കാവലില്ലാത്ത ലെവൽക്രോസിൽ മുന്നറിയിപ്പിനുള്ള സംവിധാനം വികസിപ്പിച്ചെടുത്തു.

കെൽട്രോണിൻെറയും അനുബന്ധ കമ്പനികളുടേയും പുനരുദ്ധാരണത്തിൻെറ ഭാഗമായി കൺസോർഷ്യം ബാങ്കുകൾക്ക് നൽകുവാനുള്ള തുക സംബന്ധിച്ച് 57.85 കോടി രൂപയുടെ ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുകയും ഇതിനായി രണ്ടു ഗഡുക്കൾ അനുവദിക്കുകയും ചെയ്തു.

(ബി) കെൽട്രോണിൻെറ വികസനത്തിനായി ഏതെല്ലാം പുതിയ പദ്ധതികളാണ് പരിഗണനയിലുള്ളത് ;

(ബി) ഡിഫൻസ് രംഗത്തെ അതികായകരായ ബി.ഇ.എൽ. ( BEL ) മുതലായ സ്ഥാപനങ്ങളുമായി ചേർന്ന് ഡിഫൻസ് ഇലക്ട്രോണിക് സിസ്റ്റംസ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ നടത്തി വരുന്നു. കൊച്ചിൻ ഷിപ്പ്യാർഡുമായി ചേർന്ന് ആവശ്യമായ മേഖലകളിൽ സഹകരണം ഉറപ്പാക്കാൻ ഒരു "മറൈൻ സിസ്റ്റം ഗ്രൂപ്പ്" കെൽട്രോൺ കൺട്രോൾസിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഐ. റ്റി. രംഗത്ത് അനന്തസാദ്ധ്യതകളുള്ള ജി.ഐ.എസ്. ആപ്ലിക്കേഷൻസ് വികസിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. IT Education രംഗത്ത് ഇൻഡ്യക്കകത്തും പുറത്തും ശാഖകൾ തുടങ്ങുവാൻ തീരുമാനിച്ചു. സ്പെയ്സ് ഇലക്ട്രോണിക്സ് രംഗത്ത് ISRO യുമായി ചേർന്ന് ഉണ്ടാക്കിയ കരാറിൻെറ ഫലമായി കൂടുതൽ ഓർഡറുകൾ ലഭ്യമാക്കാനുള്ള സാദ്ധ്യതകൾ ഏറിയിട്ടുണ്ട്. ട്രാഫിക് സിഗ്നൽ രംഗത്തുള്ള കെൽട്രോണിൻെറ പ്രവർത്തന പരിചയം നൂതനമായ Area Traffic Control System Technology, C-DAC- ൽ നിന്നും കെൽട്രോൺ സ്വായത്തമാക്കുകയുണ്ടായി.

(സി) ഐ.ടി. മേഖലയിൽ കെൽട്രോണിൻെറ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ട്.

| | |
|---|---|
| (ഡി) കെൽട്രോണിന് രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും കൂടുതൽ ഓർഡറുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) കെൽട്രോണിന്റെ എല്ലാ യൂണിറ്റുകളും നവീകരിക്കുവാൻ പ്രത്യേക സഹായം നൽകുന്നകാര്യം പരിഗണിക്കുമോ ? | (ഇ) കെൽട്രോണിന്റെ അനുബന്ധ കമ്പനികളുടെ നവീകരണത്തിനായി 12-03-2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) നംബർ.30/07/വ്യവ പ്രകാരം 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6 | 4-9-2007-ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി<br>" കെ. കുഞ്ഞിരാമൻ<br>" ടി.പി. കുഞ്ഞുണ്ണി<br>" എസ്. രാജേന്ദ്രൻ | ശ്രീ. സി. ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) റേഷൻ കാർഡുകൾ പുതുക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (എ) പൂർത്തിയായിട്ടില്ല |
| (ബി) പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസത്തിന്റെ കാരണം എന്താണ്;<br><br>(സി) കാർഡ് വിതരണം എന്ന് ആരംഭിക്കും എന്നറിയിക്കുമോ? | (ബി) ഉം (സി)ഉം<br>2007-ലെ റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട ഫോട്ടോ എടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. തദ്ദേശ സ്വയം ഭരണ വകുപ്പ് എ.പി.എൽ. ബി.പി.എൽ. സർവ്വെ പൂർത്തിയാക്കി തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ, കേരളത്തിൽ പടർന്നു പിടിച്ച പകർച്ചപ്പനി, കാലവർഷക്കെടുതി, ഇവയെല്ലാം റേഷൻ കാർഡു പുതുക്കൽ നടപടികളുടെ വേഗതയെ ബാധിച്ചു. |

Padmavathy

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 04/09/2007 - ൽ |
| ചോദ്യം നമ്പർ . 7 | മറുപടിക്ക് |

## റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. വി. സുരേന്ദ്രൻ പിള്ള : | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) | റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ മറിച്ചു വിൽക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ക്രമക്കേടുകൾ കണ്ടുപിടിച്ച് 165 കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചു വരുന്നു. വിശദാംശം ഇതോടൊപ്പം വയ്ക്കുന്നു. |
| ബി) | ഇത്തരം സംഭവങ്ങളിൽ പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| സി) | ഭക്ഷ്യ ധാന്യങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നത് ഒഴിച്ചാൽ മറ്റ് തുടർനടപടികൾ ഇത്തരം കേസുകളിൽ സ്വീകരിക്കാറുണ്ടോ ; വിശദ വിവരം നൽകുമോ ; | (സി) | ഭക്ഷ്യ ധാന്യങ്ങൾ സർക്കാരിലേക്ക് കണ്ടുകെട്ടുന്നതോടൊപ്പം കുറ്റക്കാർക്കെതിരെ ഇ.സി. ആക്റ്റ് പ്രകാരം നടപടികൾ കൈക്കൊള്ളുകയും ഗുരുതരമായ ക്രമക്കേടുകൾക്ക് പോലീസ് കേസെടുത്ത് കോടതി മുഖാന്തിരം നടപടി എടുക്കുകയും ചെയ്യാറുണ്ട്. |
| ഡി) | കരിഞ്ചന്ത കേസുകളിൽ ഭക്ഷ്യ ധാന്യങ്ങളുടെ ഉറവിടവും ഉദ്യോഗസ്ഥരുടെ പങ്കും അന്വേഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (ഡി) | കരിഞ്ചന്ത കേസുകളിൽ ഭക്ഷ്യ ധാന്യങ്ങളുടെ ഉറവിടവും ഉദ്യോഗസ്ഥരുടെ പങ്കും വകുപ്പുതലത്തിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വകുപ്പ് മുഖാന്തിരവും അന്വേഷിച്ച് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പോലീസ് ഉദ്യോഗസ്ഥരെയും ടി ഭക്ഷ്യധാന്യങ്ങളുടെ ഉറവിടം അന്വേഷിക്കാൻ ചുമതലപ്പെടുത്താറുണ്ട്. |

GOVERNMENT OF KERALA

8583260

| | | | |
|---|---|---|---|
| ഇ) | എഫ്.സി.ഐ.യിൽ നിന്നും റേഷൻ സാധനങ്ങളുമായി പുറപ്പെടുന്ന ലോറികളുടെ ട്രിപ്പ് ഷീറ്റ് പരിശോധിച്ച് പ്രതികളെ കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ട്രിപ്പ് ഷീറ്റ് കണ്ടെത്തിയാൽ ഇത്തരം കേസുകളിൽ ആയത് തെളിവായി സ്വീകരിച്ചു നടപടി സ്വീകരിക്കാറുണ്ട്. |
| എഫ്) | കരിഞ്ചന്തക്കേസുകൾ അന്വേഷിക്കുന്നതിന് ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തുമോ ? | (എഫ്) | കേസുകളുടെ ഗൗരവം പരിഗണിച്ച് ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

<u>കണ്ടുപിടിച്ച ക്രമക്കേടുകളുടെ വിവരം</u>

| ക്രമ നം. | ജില്ല | പരിശോധിച്ച ഗോഡൗണുകളുടെ എണ്ണം | കേസുകളുടെ എണ്ണം | പിടിച്ചെടുത്ത സാധനങ്ങൾ |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 630 | 114 | 2435 കി. അരി<br>450 ലി. മണ്ണെണ്ണ<br>94 കി. പച്ചരി<br>93 കി. ഗോതമ്പ്<br>112,50 ക്വി. പച്ചരി<br>89.50 ക്വി. ഗോതമ്പ്<br>750 കി. റേഷനരി |
| 2. | കൊല്ലം | 199 | – | 88.20 ക്വി. ഗോതമ്പ് |
| 3. | ആലപ്പുഴ | 8 | 4 | – |
| 4. | പത്തനംതിട്ട | 74 | – | – |
| 5. | കോട്ടയം | 10 | 8 | 37.7 ക്വി. അരി<br>6878.38 ക്വി. ഗോതമ്പ്<br>3266 ലി. മണ്ണെണ്ണ<br>6 കി. പഞ്ചസാര |
| 6. | ഇടുക്കി | 147 | 5 | – |
| 7. | എറണാകുളം | 137 | – | 43.90 ക്വി. ഗോതമ്പ്<br>483.86 ക്വി. അരി<br>750 കി. പി.ഡി.എസ്. ആട്ട<br>3209 ലി. മണ്ണെണ്ണ |
| 8. | തൃശ്ശൂർ | 87 | – | – |
| 9. | പാലക്കാട് | 248 | 19 | – |
| 10. | മലപ്പുറം | 63 | 9 | – |
| 11. | കോഴിക്കോട് | 78 | 5 | – |
| 12. | വയനാട് | 158 | – | – |
| 13. | കണ്ണൂർ | 9 | – | – |
| 14. | കാസർഗോഡ് | 44 | 1 | 50 ക്വി. ഗോതമ്പ്. |
| | | 1892 | 165 | |

SO

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 8

4.9.2007-ൽ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.പി.ജയരാജൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ലാഭകരമായി നടത്തിക്കൊണ്ടുപോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുന:ക്രമീകരണം, വളരെ അത്യാവശ്യമായ സാങ്കേതികവിദ്യയുടെ നവീകരണം, **Manpower retraining/redeployment**, സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.<br><br>സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ മാർഗ്ഗങ്ങളും സമാന മേഖലയിലുള്ള ദേശീയ തലത്തിലുള്ള സ്ഥാപനങ്ങളുമായുള്ള താരതമ്യ പഠനം, **Web enabled Performance Monitoring** കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവുകളായി അതാത് മേഖലകളിൽ വൈദഗ്ധ്യം ഉള്ളവരെ തെരഞ്ഞെടുത്ത് നിയമിക്കുക, നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങൾക്കും മാനേജിംഗ് ഡയറക്ടർമാർക്കും അവാർഡ് നൽകുക മുതലായ സംവിധാനങ്ങളും പ്രധാനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.<br><br>കൂടാതെ കേന്ദ്ര സർക്കാരിന്റെയും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സഹകരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണത്തിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.<br><br>പ്രവർത്തന കരാർ സംവിധാനം പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്പര സഹകരണം, കാര്യക്ഷമത വർദ്ധിപ്പിക്കൽ സുതാര്യവും മെച്ചപ്പെട്ടതുമായ കമ്പനി ഭരണ നിർവ്വഹണം എന്നിവ അടിസ്ഥാനമാക്കിയുള്ള സമഗ്രമായ വ്യവസായ നയം അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. |

| | |
|---|---|
| (ബി) ഇതിന്റെ ഫലമായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കമ്പനികൾ ലാഭത്തിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളാണ് ലാഭമുണ്ടാക്കിയത്; | (ബി) ഉണ്ട്; കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, കേരള സെറാമിക്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഹാൻഡി ക്രാഫ്റ്റ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നീ കമ്പനികൾ ലാഭമുണ്ടാക്കിയിട്ടുണ്ട്. |
| (സി) ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര കമ്പനികൾ ഉണ്ട്; ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; | (സി) 2006-07-ലെ പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ഉത്തരം (എ) യിൽ പറഞ്ഞിട്ടുണ്ട്. |
| (ഡി) സമാന സ്വഭാവമുള്ള ചെറിയ കമ്പനികൾ ലയിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ലയിപ്പിക്കുന്നതിനുള്ള സാധ്യതകളും സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# LOSS MAKING UNITS DURING 2006-07 AS PER PROVISIONAL FIGURES SUBMITTED BY THE PSUs

(Rs. In lakhs)

| Sl.No. | Company | Turnover | | | Profit / Loss | | |
|---|---|---|---|---|---|---|---|
| | | 2004-05 | 2005-06 | 2006-07 | 2004-05 | 2005-06 | 2006-07 (Quick Estimates) |
| 1 | HANTEX | 1,694.88 | 1,016.50 | 1,327.07 | -753.77 | -1,066.76 | -740.93 |
| 2 | Kerala State Handloom Development Corporation Ltd. | 1,170.36 | 1,116.35 | 1,535.00 | -293.13 | -359.56 | -449.56 |
| 3 | The Quilon Co-operative Spinning Mills Ltd | 839.63 | 717.52 | 577.61 | -369.81 | -406.88 | -314.17 |
| 4 | Autokast Ltd | 1,335.93 | 1,358.75 | 1,162.46 | -325.00 | -241.00 | -290.61 |
| 5 | Steel Industrials Kerala Ltd | 1,516.71 | 1,283.89 | 1,093.86 | -822.35 | -393.32 | -272.51 |
| 6 | The Cannannore Co-op.Spinning Mills Ltd | 790.61 | 1,043.04 | 1,108.74 | -435.92 | -320.03 | -257.20 |
| 7 | Steel Complex Ltd | 491.20 | 435.26 | 770.24 | -67.67 | -56.67 | -247.40 |
| 8 | The Trichur Co-operative Spinning Mills Ltd. | 1,345.00 | 1,162.00 | 1,273.00 | -277.00 | -227.00 | -230.00 |
| 9 | Kerala State Bamboo Corporation Ltd. | 986.46 | 921.26 | 904.88 | -283.70 | -196.91 | -201.73 |
| 10 | Kerala State Drugs & Pharmaceuticals Ltd | 7.96 | 27.84 | 294.04 | -662.92 | -864.23 | -126.86 |
| 11 | Sitaram Textiles Ltd | 674.15 | 636.70 | 672.31 | -272.81 | -171.94 | -125.03 |
| 12 | Alleppey Co-operative Spinning Mills | 595.45 | 482.77 | 362.93 | -149.57 | -285.71 | -106.57 |
| 13 | Travancore Titanium Products Ltd | 11,940.00 | 13,383.00 | 10,488.00 | 118.00 | -1,652.00 | -100.00 |
| 14 | Travancore Cements Ltd | 2,402.00 | 1,930.00 | 2,360.00 | -265.00 | -390.00 | -88.00 |
| 15 | Keltron Component Complex Ltd | 2,455.23 | 2,456.20 | 2,064.83 | -473.96 | -306.82 | -60.17 |
| 16 | Keltron Crystals Ltd | 95.24 | 116.31 | 94.71 | -239.03 | -222.47 | -45.94 |
| 17 | Keltron Magnetics Ltd | 335.35 | 396.24 | 385.27 | -36.54 | -34.54 | -42.73 |
| 18 | Keltron Resistors Ltd | 149.33 | 151.11 | 163.99 | -61.64 | -65.31 | -34.42 |
| 19 | The Malappuram Co-operative Spinning Mills Ltd | 2,055.73 | 2,032.98 | 2,257.87 | -194.74 | -74.83 | -11.47 |
| 20 | The Metal Industries Ltd | 172.27 | 142.88 | 216.08 | -28.65 | -21.49 | -6.43 |
| | TOTAL | 31,036.48 | 30,820.62 | 29,132.89 | -5,696.41 | -7,062.48 | -3,746.73 |

Source : Company

ഇളമരം കരീം

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 9

04.09.2007 ൽ
മറുപടിക്ക്

## 'ഇൻകലി'ന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ. വി. കൃഷ്ണപ്രസാദ് :<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വകാര്യ പങ്കാളിത്തത്തോടെ രൂപീകരിച്ച പുതിയ കമ്പനിയായ 'ഇൻകൽ' പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കമ്പനിയിൽ മുതൽ മുടക്കാൻ വൻകിട വ്യവസായികളും പ്രവാസി ഇൻഡ്യാക്കാരും മുന്നോട്ടു വന്നിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) 'ഇൻകൽ' ഏതെങ്കിലും വൻകിട പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) ഇൻകൽ ഏറ്റെടുക്കേണ്ട വിവിധ പദ്ധതികളെക്കു- -റിച്ചുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *10

04-09-2007-ൽ മറുപടിക്ക്

## സൈനിക ഉപകരണങ്ങളുടെ നിർമ്മാണത്തിനായുള്ള വ്യവസായപാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എം.എ. സലാം:<br>" എ.കെ. ശശീന്ദ്രൻ: | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പുമന്ത്രി) |
| (എ) സൈനിക ഉപകരണങ്ങളുടെ നിർമ്മാണത്തിന് സംസ്ഥാനത്ത് വ്യവസായപാർക്ക് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത വ്യവസായ പാർക്കിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെയാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) സ്ഥലം കണ്ടെത്താനുള്ള ശ്രമം നടന്നു വരുന്നു. |
| (സി) എത്ര ഏക്കർ ഭൂമിയാണ് ഈ ആവശ്യത്തിനായി വേണ്ടി വരുന്നത് ; | (സി) പ്രോജക്റ്റ് തയ്യാറാവുന്ന മുറയ്ക്ക് മാത്രമേ എത്ര ഏക്കർ സ്ഥലമെന്ന് തീരുമാനിക്കാനാവൂ. |
| (ഡി) വ്യവസായപാർക്ക് ആരംഭിക്കുന്നതിനായി എന്തു തുക വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ? | (ഡി) എത്ര തുക എന്ന് നിർണ്ണയിച്ച് കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 11

4.9.2007-ൽ മറുപടിക്ക്

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.മഞ്ഞളാം കുഴി അലി | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുവാൻ സംവിധാനം നിലവിലുണ്ടോ;<br><br>(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം പരിശോധിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അപാകതകൾ അപ്പപ്പോൾ പരിഹരിക്കുന്നതിനുമായി ഒരു സ്ഥിരം സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (എ)യും (ബി) യും<br><br>വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം ഇപ്പോൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ട് അടുത്തമാസം 10-ാം തീയതിക്കുമുൻപ് **Public Sector Restructuring and Internal Audit Board (RIAB)** ൽ നൽകുന്നതിനും അതിൻമേലുള്ള **RIAB** ന്റെ അവലോകന റിപ്പോർട്ട് 14-ാം തീയതിക്കു മുമ്പ് വ്യവസായവകുപ്പ് മന്ത്രിയുടെ മുൻപാകെ സമർപ്പിക്കുകയും ചെയ്യുവരുന്നു. ഈ റിപ്പോർട്ടുകൾ പരിശോധിച്ചതിനുശേഷം ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തനം മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ഇതു കൂടാതെ കമ്പനികളുടെ പ്രവർത്തനം സംബന്ധിച്ച വാർഷികാവലോകനവും നടത്തിവരുന്നു.<br>മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു സ്ഥിരം സമിതി രൂപീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 12 4-9-2007 ൽ മറുപടിക്ക്

## യു.എ.ഇ.യിൽ പൊതുമാപ്പ് ലഭിച്ചവർക്ക് സഹായ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ. വി. ശശികുമാർ | ശ്രീ. വി.എസ് അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) യു.എ.ഇ.യിൽ അനധികൃതമായി കഴിയുന്നവർക്ക് പൊതുമാപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ എത്ര കേരളീയർ മടങ്ങിയെത്തിയെന്ന് വെളിപ്പെടുത്തുമോ ; | (എ) ഏകദേശം രണ്ടായിരത്തോളം കേരളീയർ മടങ്ങിയെത്തിയതായി കണക്കാക്കുന്നു. |
| (ബി) ഇവർക്ക് മടങ്ങിവരുന്നതിനും ആവശ്യമായ മറ്റു രേഖകൾ നൽകുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിൽ തിരികെ എത്തുന്നവർക്ക് എന്തെങ്കിലും സഹായ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) പൊതുമാപ്പ് പ്രയോജനപ്പെടുത്തി നാട്ടിൽ തിരിച്ചെത്തുന്നവർക്ക് മാത്രമായി ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ പ്രവാസി മലയാളികൾക്ക് പ്രത്യേകക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 13 — 04/09/2007 - ൽ മറുപടിക്ക്

## കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ :<br>ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; പ്രവർത്തനം വിശദമാക്കുമോ ; | (എ) കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി നിലവിലുള്ള എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റ് പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജില്ലാ കളക്ടറുടെ കീഴിൽ സിവിൽ സപ്ലൈസ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, ലീഗൽ മെട്രോളജി, സെയിൽ ടാക്സ്, പോലീസ് എന്നിവകുപ്പുകളുടെ ജില്ലാതല/ താലൂക്ക്തല സ്ക്വാഡുകൾ, പൊതുകമ്പോളത്തിൽ ഹോട്ടലുകൾ, പച്ചക്കറിക്കടകൾ, പലവ്യഞ്ജന കടകൾ എന്നിവയിൽ റെയ്ഡ് നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ/താലൂക്ക്തല പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ, ഭക്ഷ്യോപദേശക വിജിലൻസ് കമ്മറ്റികൾ എന്നിവ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി ഗവൺമെന്റിനെ സഹായിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ജില്ലാതല ഭക്ഷ്യോപദേശക വിജിലൻസ് സമിതിയുടെ യോഗത്തിൽ ചർച്ച ചെയ്യുകയും യോഗ തീരുമാന പ്രകാരം നടപടിയെടുക്കുകയും ചെയ്യുന്നുണ്ട്. |
| ബി) ഓണക്കാലം ലക്ഷ്യമാക്കി നടത്തിയ പൂഴ്ത്തിവയ്പ്പ് തടയുന്നതിന് എത്ര ഗോഡൗണുകളിൽ പരിശോധന നടത്തി ; | (ബി) 1692 ഗോഡൗണുകളിൽ പരിശോധന നടത്തി . |

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(സി) 165 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) റേഷൻ ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിലേക്ക് കടത്തുന്നവരെ അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് ഈ സർക്കാർ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ ?

(ഡി) റേഷൻ ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിലേക്ക് കടത്തുന്നതിന് എതിരെ റേഷൻ മൊത്തവ്യാപാര കേന്ദ്രങ്ങൾ, ചില്ലറ വ്യാപാരകേന്ദ്രങ്ങൾ എന്നിവ ജില്ലാ സപ്ലൈ ആഫീസർമാർ, താലൂക്ക് സപ്ലൈ ആഫീസർമാർ എന്നിവർ നിരന്തരം പരിശോധിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ പൊതു മാർക്കറ്റുകളിൽ വിവിധ സ്ക്വാഡുകൾ പരിശോധിച്ച് നടപടിയെടുക്കാറുണ്ട്. ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1976 കേസുകൾ എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

VERNMENT OF KERALA

8589790

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 14 | 04-09-2007 ൽ മറുപടിയ്ക്ക്.

## തിരുവനന്തപുരം വിമാനത്താവളത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.സുരേന്ദ്രൻപിള്ള :<br>ശ്രീ.മോൻസ് ജോസഫ് : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ ടെർമിനലിന്റെ നിർമ്മാണം ഏതുവരെയായെന്ന് വിശദമാക്കുമോ ; | (എ) . തിരുവനന്തപുരം വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര ടെർമിനലിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2006 നവംബർ 1-ന് ബഹു: ഇൻഡ്യൻ പ്രധാനമന്ത്രി നിർവഹിക്കുകയുണ്ടായി. ഇതിനായി സർക്കാർ ഏറ്റെടുത്ത് നൽകിയ 27.56 ഏക്കർ ഭൂമിയിൽ ഇതിന്റെ പണി പുരോഗമിച്ചുവരുന്നു. ടെർമിനൽ കോംപ്ളക്സിന്റെ പൈലിംഗ് ജോലികൾ 2007 സെപ്റ്റംബർ മാസം പൂർത്തിയാകും. ഇതിനായി ഏകദേശം 250 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. 24,000 ച.മീറ്റർ വിസ്തീർണ്ണമുള്ള ടെർമിനൽ കോംപ്ളക്സിന്റെ പണി ചെന്നൈ ആസ്ഥാനമായ കൺസ്ട്രക്ഷൻ കൺസോർഷ്യത്തെയാണ് വിമാനത്താവള അതോറിറ്റി ഏൽപ്പിച്ചിരിക്കുന്നത്. ഇവിടെ 24 മണിക്കൂറും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇപ്പോൾ പണി ഷെഡ്യൂൾ പ്രകാരം നടന്നു വരുന്നുണ്ട്. |
| (ബി). പുതിയ ടെർമിനലിന്റെ പണി എന്ന് പൂർത്തിയാക്കുവാനാണുദ്ദേശിക്കുന്നത് ; | (ബി). ഷെഡ്യൂൾ പ്രകാരം 2008 ഡിസംബർ മാസം പണിപൂർത്തിയാക്കി ടെർമിനൽ പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

14(1)

(സി) വിമാനത്താവളത്തോടനുബന്ധിച്ച് നിർമ്മിക്കുന്ന എയർ ഇന്ത്യ എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാങ്കർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി). ഹാങ്കർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ 5.8879 ഹെക്ടർ സ്ഥലം സർക്കാർ എയർ ഇൻഡ്യക്ക് അനുവദിച്ചുവെങ്കിലും ആ സ്ഥലത്ത് ഉണ്ടായിരുന്ന ട്രിവാൻഡ്രം റബ്ബർ വർക്സിന്റെ ചില വിഷയങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി കൈമാറ്റത്തിന് കാലതാമസം നേരിട്ടിരുന്നു. ട്രിവാൻഡ്രം റബ്ബർ വർക്സിന്റെ വിഷയങ്ങൾ സംബന്ധിച്ച് തീരുമാനമെടുത്തുകഴിഞ്ഞു. ഈ ഭൂമി ഉടൻതന്നെ എയർ ഇൻഡ്യക്ക് കൈമാറാൻ കഴിയും. ഭൂമി ലഭിച്ചുകഴിഞ്ഞാലുടൻ പണി ആരംഭിച്ച് ഒന്നര വർഷം കൊണ്ട് അത് പൂർത്തിയാക്കാനാണ് എയർ ഇൻഡ്യ ഉദ്ദേശിക്കുന്നത്.

(ഡി). വിമാനത്താവളത്തിലേയ്ക്കുള്ള പുതിയ ബൈപ്പാസ് റോഡ്, ഫ്ളൈ ഓവർ എന്നിവയുടെ നിർമ്മാണ പ്രവൃത്തി ഏത് ഏജൻസിയെ ഏൽപ്പിക്കാനാണുദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ ?

(ഡി). പൊതുമേഖലാ സ്ഥാപനമായ കിറ്റ്കോയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഉദ്ദേശം 15 കോടി രൂപ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള വിമാനത്താവളത്തിലേയ്ക്കുള്ള പുതിയ അപ്രോച്ച് റോഡ് നിർമ്മാണത്തിന്. പൊതുമേഖലയിലെ കിറ്റ്കോ എന്ന സ്ഥാപനത്തെയാണ് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്/ഇംപ്ളിമെന്റിംഗ് ഏജൻസിയായി ട്രിവാൻഡ്രം എയർപോർട്ട് ഡെവലപ്മെന്റ് സൊസൈറ്റി നിശ്ചയിച്ചിട്ടുള്ളത്. ഒരു വർഷത്തിനുള്ളിൽതന്നെ ഇതിന്റെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 15 04-09-2007 ൽ മറുപടിയ്ക്ക്.

**സ്മാർട്ട് സിറ്റി കരാർ**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. എൻ.ജയരാജ്,<br>ശ്രീ.സി.എഫ്.തോമസ്,<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സ്മാർട്ട് സിറ്റി കരാർ ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (എ) സ്മാർട്ട്സിറ്റി പദ്ധതി ആരംഭിയ്ക്കുന്നതിന് കരാർ പ്രകാരം സർക്കാർ നൽകുന്നതിന് ബാദ്ധ്യസ്ഥമായ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതിപ്രദേശത്ത് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതുസംബന്ധിച്ച് ടീകോമുമായി രണ്ടു തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. പാട്ടത്തിനു നൽകാനുള്ള 246 ഏക്കറിൽ 222 ഏക്കറും ഏറ്റെടുത്ത് കൈമാറാവുന്ന ഘട്ടത്തിലാണ്. ഇതിലേക്കുള്ള ലീസ് ഡീഡും കമ്പനി പങ്കാളിത്തത്തിന് ഭേദഗതി വരുത്തി രജിസ്റ്റർ ചെയ്യേണ്ടുന്ന എം.ഒ.എ.യ്ക്കും എ.ഒ.എ യ്ക്കും അംഗീകാരം നൽകിക്കഴിഞ്ഞു. കമ്പനിയിലേക്ക് സർക്കാർ നോമിനികളായ ചെയർമാനേയും ഡയറക്ടറേയും നിയമിച്ചുകഴിഞ്ഞു. പദ്ധതിയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിലേക്ക് ആവശ്യമായ ഫണ്ട് ഉപധനാഭ്യർ |

| | |
|---|---|
| | ന്ഥന വഴി ബജറ്റിൽ ഉൾക്കൊള്ളിച്ചുകഴിഞ്ഞു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ടീംകോം ആരംഭിച്ചുവെന്നും സെപ്റ്റംബറിൽ തന്നെ തറക്കല്ലിടാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ? | (ബി) ഉണ്ട്. 246 ഏക്കറിൽ 222 ഏക്കർ ഏറ്റെടുത്ത് കഴിഞ്ഞുബാക്കി 24 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് പുനരധിവാസ നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

Padmabl

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 16 04-09-2007 ൽ മറുപടിയ്ക്ക്.

സ്മാർട്ട് സിറ്റി കരാർ-ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.എം.എം.മോനായി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എം.ജെ.ജേക്കബ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ)സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടതിനുശേഷം പദ്ധതി ആരംഭിയ്ക്കുന്നതിനായി ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) സ്മാർട്ട്സിറ്റി പദ്ധതി ആരംഭിയ്ക്കുന്നതിന് കരാർ പ്രകാരം സർക്കാർ നൽകുന്നതിന് ബാദ്ധ്യസ്ഥമായ റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതിപ്രദേശത്ത് എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതുസംബന്ധിച്ച് ടീകോമുമായി രണ്ടു തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. പാട്ടത്തിനു നൽകാനുള്ള 246 ഏക്കറിൽ 222 ഏക്കറും ഏറ്റെടുത്ത് കൈമാറാവുന്ന ഘട്ടത്തിലാണ്. ഇതിലേക്കുള്ള 'ലീസ്' ഡീഡും കമ്പനി പങ്കാളിത്തത്തിന് ഭേദഗതി വരുത്തി രജിസ്റ്റർ ചെയ്യേണ്ടുന്ന എം.ഒ.എ.യ്ക്കും എ.ഒ.എ യ്ക്കും അംഗീകാരം |

നൽകിക്കഴിഞ്ഞു. കമ്പനിയിലേക്ക് സർക്കാർ നോമിനികളായ ചെയർമാനേയും ഡയറക്ടറേയും നിയമിച്ചുകഴിഞ്ഞു. പദ്ധതിയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിലേക്ക് ആവശ്യമായ ഫണ്ട് ഉപധനാഭ്യർത്ഥന വഴി ബജറ്റിൽ ഉൾക്കൊള്ളിച്ചുകഴിഞ്ഞു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ടീകോം ആരംഭിച്ചുവെന്നും സെപ്തംബറിൽ തന്നെ തറക്കല്ലിടാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്..

| | |
|---|---|
| (ബി) ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളത്; | (ബി) & (സി): 246 ഏക്കറിൽ, ഏറ്റെടുത്തുകഴിഞ്ഞ 222 ഏക്കർ ഒഴികെ ബാക്കി 24 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് പുനരധിവാസ നടപടികൾ പൂർത്തീകരിച്ചു വരുന്നു . TECOM/SPV side- ൽ നിന്ന് പാട്ടത്തിന് നൽകുന്നതിനുള്ള കരാർ ഒപ്പിടാനുണ്ട്. എം.ഒ.എ.യും. എ.ഒ.എ.യും രജിസ്റ്റർ ചെയ്യാനുണ്ട്. പദ്ധതി സ്ഥലത്തേക്ക് റോഡ്, TECOM തയ്യാറാക്കുന്ന **master plan** ന്റെ അടിസ്ഥാനത്തിൽ വെള്ളം, വൈദ്യുതി 'എന്നിവ' എത്തിക്കാനുള്ള നടപടികൾ പൂർത്തിയാക്കാനുണ്ട് . |
| (സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | |

16(2)

| | |
|---|---|
| (ഡി) പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ഡി) സർക്കാർ ഭാഗത്തുനിന്നും ചെയ്തു തീർക്കേണ്ട കാര്യങ്ങൾ ചിട്ടപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായുള്ള വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരും മറ്റുദ്യോഗസ്ഥരും അംഗങ്ങളായ ഹൈലെവൽ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി സമയാസമയങ്ങളിൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

Pochwaly

സെക്ഷൻ ആഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 17 04.09.2007-ൽ മറുപടിയ്ക്ക്

**'ക്രീമിലെയർ' പരിധി നിർണ്ണയം സംബന്ധിച്ച റിപ്പോർട്ട്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ടി.അഹമ്മദ് അലി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| (എ) | ക്രീമിലെയർ പരിധി നിശ്ചയിക്കുവാൻ സുപ്രീം കോടതി നിർദ്ദേശ പ്രകാരം നിയമിച്ച ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; ഇതിന്റെ ഉള്ളടക്കം വെളിപ്പെടുത്തുമോ; | (എ) | 07.08.2007-ൽ കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡ പട്ടിക 6 പ്രകാരം സംസ്ഥാനസർക്കാരിന്റെ വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപയായി നിജപ്പെടുത്തി 27.5.2000-ാം തീയതിയിലെ സ.ഉ.(പി) 36/00/പജപവവിവ. ഭേദഗതി വരുത്തുന്നതിനും ക്രീമിലെയർ നിർണ്ണയിക്കുമ്പോൾ കാർഷിക വൃത്തിയിൽ നിന്നും ലഭിക്കുന്ന വരുമാനം ശമ്പളത്തോടൊപ്പം കൂട്ടേണ്ടതില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു; | (ബി) | 25.08.2007-ലെ സ.ഉ.(പി)46/2007/പജപവവിവ. പ്രകാരം, കമ്മീഷന്റെ ഇടക്കാല ശുപാർശകൾ നടപ്പാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | |
| (ഡി) | റിപ്പോർട്ട് പ്രകാരമുള്ള നടപടി എന്ന് സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 18 — 04.09.2007ൽ മറുപടിക്ക്

## ചെറുകിട വ്യവസായങ്ങൾ

ചോദ്യം

ശ്രീ. ബി. രാഘവൻ
ശ്രീ. വി. എൻ. വാസവൻ
ശ്രീ. രാജു എബ്രഹാം
ശ്രീ. എം. എം. മോനായി
ശ്രീ. പി.ടി.എ. റഹീം

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | എ) | ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സെമിനാറുകൾ, പരിശീലനങ്ങൾ, നിക്ഷേപക സംഗമം എന്നിവ സംഘടിപ്പിച്ച് നിക്ഷേപകരുമായി ചർച്ച നടത്തി ധനകാര്യസ്ഥാപനങ്ങളിൽ നിന്നു അർഹമായ വായ്പകൾ ലഭ്യമാക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തുവരുന്നു. കൂടാതെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി.<br>2. മാർജിൻ മണി വായ്പ.<br>3. പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി.<br>4. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം.<br>5. സമഗ്രവ്യവസായവൽക്കരണ പരിപാടി.<br>6. സാങ്കേതിക വിദ്യയും നവീകരണ പരിപാടിയും.<br>7. വിപണി വികസന പദ്ധതി.<br>8. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള സഹായം.<br>9. ഉപോൽപന്നങ്ങളുടെ ഉല്പാദനത്തിനു പ്രോത്സാഹനം.<br>10. കരകൗശല വ്യവസായത്തിനുള്ള സഹായം. |

| | | | |
|---|---|---|---|
| | | | കൂടാതെ സിഡ്കോ എസ്. എസ്. ഐ. യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനും മാർക്കറ്റിങ്ങിനും സഹായിക്കുന്നു. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഓർഡറുകൾ സിഡ്കോയിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു. കൂടാതെ സിഡ്കോയുടെ കീഴിലുള്ള 17 വ്യവസായ എസ്റ്റേറ്റുകൾ 36 മിനി വ്യവസായ എസ്റ്റേറ്റുകൾ 7 വ്യവസായ പാർക്കുകൾ എന്നിവയിലുള്ള ഷെഡ്ഡുകൾ, ഭൂമി എന്നിവ വ്യവസായ സംരംഭകർക്ക് വാടകയ്ക്കും ഒ. ആർ. എസ്. വ്യവസ്ഥയിലും ദീർഘകാല പാട്ട വ്യവസ്ഥയിലും നൽകി വരുന്നു. |
| (ബി) | വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുമോ ; | (ബി) | നടപടികൾ ലഘൂകരിക്കുന്നതിനുദ്ദേശിക്കുന്നു. കൂടാതെ ലൈസൻസിംഗ് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഏകജാലകസംവിധാനം കാര്യക്ഷമമാക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | " കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ആക്ട് 1999" ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ചെറുകിട വ്യവസായ രംഗത്ത് വനിതാ സംരംഭകരെ ആകർഷിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ ; | (ഡി) | വനിതാ വ്യവസായമായി രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾക്ക് ഗ്രാന്റും അധിക സബ്സിഡിയും നൽകുന്നു. |
| (ഇ ) | കഴിഞ്ഞ വർഷം എത്ര ചെറുകിട വ്യവസായികൾക്ക് രജിസ്ട്രേഷൻ നൽകി എന്ന് വെളിപ്പെടുത്തുമോ ; | (ഇ ) | 2006-2007 വർഷത്തിൽ 2659 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എം. എസ്. എം. ഇ. ഡി. ആക്ടിൽ പ്രകാരം 31/03/2007 വരെ 1759 വ്യവസായ സംരംഭങ്ങൾ പാർട്ട് II പ്രകാരം മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം :19 — 04.09.2007 -ൽ മറുപടിയ്ക്ക്

മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്ന് തമിഴ്നാട്ടിലേക്കുള്ള തോട് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ. എം. മുരളി : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ നിന്ന് ബോഡിനായ്ക്കന്നൂർ വഴി തമിഴ്നാട് തോട് വെട്ടുന്നുണ്ടോ ; ഉണ്ടെങ്കിൽ കേരളത്തിന്റെ അറിവും അനുമതിയും ഇക്കാര്യത്തിൽ ലഭ്യമാക്കിയിരുന്നോ ; | (എ) മുല്ലപ്പെരിയാർ ഡാമിൽ നിന്നും നേരിട്ട് ബോഡിനായ്ക്കന്നൂരിലേയ്ക്ക് വെള്ളം കൊണ്ടു പോകുവാൻ തമിഴ്നാട് തോട് വെട്ടുന്നില്ല. തമിഴ്നാട്, മുല്ലപ്പെരിയാറിൽ നിന്നും എരച്ചിൽപാലം വഴി കൊണ്ടുപോകുന്ന വെള്ളം തമിഴ്നാട്ടിലുള്ള ലോവർ ക്യാമ്പിൽ എത്തിച്ചതിനുശേഷം അവിടെ നിന്നാണ് ബോഡിനായ്ക്കന്നൂരിലേയ്ക്ക് തിരിച്ചുവിടുന്നത്. ഇതിനായി വെട്ടുന്ന തോട് പരിപൂർണ്ണമായും തമിഴ്നാട് പ്രദേശത്താണ്. ഇതിന് കേരളത്തിന്റെ അനുമതി ആവശ്യമില്ല. |
| (ബി) പ്രസ്തുത തോടുവഴി മുല്ലപ്പെരിയാർ ഡാമിൽ നിന്നു വെള്ളം കൊണ്ടു പോകുന്നത് നിയമാനുസൃതമാണോ ; | (ബി) നിലവിലുള്ള ടണൽമാർഗം മാത്രമേ തമിഴ്നാട് മുല്ലപ്പെരിയാർ ഡാമിൽ നിന്നും വെള്ളം കൊണ്ടുപോകുന്നുള്ളൂ. |
| (സി) ഒറിജിനൽ എഗ്രിമെന്റിൽ പറയുന്നതിനേക്കാൾ കൂടുതൽ സ്ഥലത്തേക്ക് വെള്ളം കൊണ്ടുപോകുന്നതിന് കേരളം തമിഴ്നാടിന് അനുമതി നൽകിയിട്ടുണ്ടോ ; | (സി) പെരിയാർ പാട്ടക്കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പ്രകാരം. നദിയുടെ ഏറ്റവും താഴ്ന്ന തട്ടിൽ നിന്ന് 155 അടി contour വരെ തമിഴ്നാടിനു പാട്ടത്തിനു പാട്ടത്തിനു നൽകിയിരിക്കുന്ന |

ഭൂപ്രദേശത്തേയ്ക്കോ, അതിൽ നിന്നോ, അതിൽ കൂടിയോ ഒഴുകുന്ന ജലം മുഴുവനും തമിഴ്നാടിന് അവകാശപ്പെട്ടതാണ്. തമിഴ്നാട് അവരുടെ ഏതെല്ലാം പ്രദേശത്ത് എപ്രകാരം ഈ ജലം സംഭരിക്കേണ്ടതാണ് എന്നതിനെ സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യുന്നില്ല.

| | |
|---|---|
| (ഡി) കേരളത്തിനുള്ളിലുള്ള വനത്തിൽ കേരളത്തിന്റെ ആവശ്യത്തിന് അണകെട്ടുന്നതിനോ മറ്റു പ്രവൃത്തികൾ ചെയ്യുന്നതിനോ അനുവാദം നൽകാത്ത കേന്ദ്ര ഗവൺമെന്റ് തമിഴ്നാടിന്റെ ആവശ്യത്തിനായി കേരളത്തിന്റെ വനത്തിലൂടെ തോട് വെട്ടുവാൻ അനുവദിച്ചതിനെ കോടതിയിൽ ചോദ്യം ചെയ്യാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ? | (ഡി) 'എ' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 20 — 04.09.2007-ൽ മറുപടിക്ക്.

## സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. കാർത്തികേയൻ<br>പ്രൊഫ. കെ.വി. തോമസ്<br>ശ്രീ.കെ.അച്ചുതൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |

എ) സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ;

ബി) പ്രസ്തുത സർവ്വീസിലേക്ക് ഏതുപ്രകാരമാണു് നിയമനം നടത്താനുദ്ദേശിക്കുന്നത്;

(എ), (ബി), (സി) & (ഡി) നിലവിലുള്ള ഭരണ സംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി ശുപാർശകൾ സമർപ്പിക്കുവാൻ രൂപീകരിച്ച കേരള ഭരണപരിഷ്കാര സമിതി സർക്കാരിന് സമർപ്പിച്ച 9-ാം മത് റിപ്പോർട്ടിൽ കേരള സിവിൽ സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച ശുപാർശകൾ ഉണ്ട്. എന്നാൽ ഇതിന്റെ വിശദമായ നടപ്പാക്കൽ പരിപാടികൾ ചർച്ചകൾക്കും പരിയാലോചനകൾക്കും ശേഷം മതിയെന്നു തീരുമാനിച്ചിരുന്നു. ഇക്കാര്യത്തിൽ സംഘടനകളും മറ്റുമായി മുൻ ഗവൺമെന്റിന്റെ

....2

സി) പ്രസ്തുത സർവ്വീസ് രൂപീകരിക്കുന്നതുകൊണ്ട് സംസ്ഥാന സർവ്വീസിലുള്ളവരുടെ പ്രൊമോഷൻ സാദ്ധ്യതകൾ കുറയുന്നുണ്ടോ ;

ഡി) ഇതിൽ നിലവിലുള്ള ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്ന എന്തെങ്കിലും സംഗതികളുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

കാലത്ത് പ്രാരംഭഘട്ട ചർച്ചകൾ വിവിധതലങ്ങളിൽ നടന്നുവെങ്കിലും ഒരു സമവായം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പല പ്രായോഗിക ബുദ്ധിമുട്ടുകളും ഇതതരുണത്തിൽ ശ്രദ്ധയിൽപ്പെടുകയുണ്ടായി. നിലവിലുള്ള വിവിധ സർവ്വീസുകളെ ഒരുപരിധിവരെ ഇതു ദോഷകരമായി ബാധിക്കുമെന്നുള്ള സംഘടനകളുടെ പരാതികൾ കണക്കിലെടുത്ത് ഈ ഗവൺമെൻറ്അധികാരത്തിൽവന്നതിനു ശേഷം ഇക്കാര്യത്തിൽ വിശദമായ ചർച്ചയും പരിശോധനയും ആവശ്യമുണ്ടെന്ന്വിലയിരുത്തുകയാണുണ്ടായത് .

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ: 21 | 4.9..2007-ൽ<br>മറുപടിക്ക് |

**ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു<br>" എൻ. അനിരുദ്ധൻ<br>" പള്ളിപ്രം ബാലൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കമ്മിറ്റികളുടെ ഘടനയും പ്രവർത്തന ലക്ഷ്യങ്ങളും എന്താണെന്നു വ്യക്തമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാന തലത്തിൽ ബഹു. ഭക്ഷ്യവകുപ്പ് മന്ത്രി ചെയർമാനും ഭക്ഷ്യവകുപ്പ് സെക്രട്ടറി കൺവീനറുമായി പുന:സംഘടിപ്പിക്കപ്പെട്ട സംസ്ഥാനതല ഭക്ഷ്യോപദേശക സമിതിയിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും ട്രേഡ് യൂണിയൻ പ്രതിനിധികളും ഉപഭോക്തൃരംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളിലെ അംഗങ്ങളും ബന്ധപ്പെട്ട വകുപ്പ് തലവന്മാരും ഉൾപ്പെട്ടിട്ടുണ്ട്. ജില്ലാതലത്തിൽ നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധിയും ജില്ലാ ട്രേഡ് യൂണിയൻ |

9924005 GOVERNMENT OF KERAL

സംഘടനാ പ്രതിനിധികളും
ജില്ലയിലെ എല്ലാ എം.പിമാരും
എം എൽ എ മാരും
ഉപഭോക്തൃസംഘടനകളുടെ പ്രതിനിധികൾ,
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പാലിറ്റി
സെക്രട്ടറി/ചെയർമാൻ,ജില്ലാ പഞ്ചായത്തിലെ
പ്രതിപക്ഷനേതാവ് തുടങ്ങിയവരെ ഉൾപ്പെടുത്തി
ജില്ലാ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ
രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

പൊതു വിതരണ സമ്പ്രദായം സുഗമവും സുതാര്യവും കാര്യക്ഷമവുമാക്കുക, ഉപഭോക്താക്കൾക്ക് റേഷൻ സാധനങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള അളവിലും തൂക്കത്തിലും ഗുണത്തിലും വിലയിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക എന്നിവയാണ് ഭക്ഷ്യോപദേശക വിജിലൻസ് സമിതിയുടെ ലക്ഷ്യങ്ങൾ. പൊതു വിതരണ സമ്പ്രദായത്തിലെ ക്രമക്കേടുകളെയോ അഴിമതികളെയോ സംബന്ധിച്ച് വിവരം ലഭിച്ചാൽ അത് വകുപ്പ് തല ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവരുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഭക്ഷ്യോപദേശക സമിതിയംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും താലൂക്കുകളിലും ഇത്തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് കഴിഞ്ഞിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) എല്ലാ ജില്ലകളിലും ഭക്ഷ്യോപദേശക സമിതികൾ പുന:സംഘടിപ്പിച്ച് പ്രവർത്തിച്ചുവരുന്നു. താലൂക്ക്, പഞ്ചായത്ത് തല സമിതികൾ പുന:സംഘടിപ്പിച്ച് കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9924005
GOVERNMENT OF KERA

(സി) വിലക്കയറ്റം തടയുന്നതിനും വിപണിനിലവാരം അവലോകനം ചെയ്യുന്നതിനും രൂപീകരിച്ച മോണിറ്ററിംഗ് സെല്ലുകളുടെ ഇതുവരെയുള്ള പ്രവർത്തനം വിശദമാക്കുമോ?

(സി) വിലക്കയറ്റം തടയുന്നതിനായി സർക്കാർനിർദ്ദേശം അനുസരിച്ച് പ്രൈസ് മോണിറ്ററിംഗ് സെൽ ജില്ലാതലത്തിൽ രൂപീകരിക്കുകയും വില നിലവാരം അവലോകനം ചെയ്യുകയും പൊതുവിപണിയിൽ റെയ്ഡുകൾ നടത്തുകയും ചെയ്തു വരുന്നു. എല്ലാ താലൂക്കുകളിലും പൊതു വിപണിയിലെ പരിശോധനക്കായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ലീഗൽ മെട്രോളജി, ഫുഡ് ഇൻസ്പെക്ടർ, പോലീസ് എന്നീ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പ്രസ്തുത സ്ക്വാഡിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ സ്ക്വാഡുകൾ എല്ലാ മാസവും പൊതു വിപണിയിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിയമാനുസരണം ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 22 04.09.2007-ൽ മറുപടിയ്ക്ക്

### മേൽത്തട്ട് പരിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.എൻ.ശക്തൻ,<br>ശ്രീ.എ.പി.അനിൽകുമാർ | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| (എ) | മേൽത്തട്ട് പരിധി നിർണ്ണയിക്കുവാൻ സർക്കാർ നിയോഗിച്ച രാജേന്ദ്ര ബാബു കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞോ; | (എ) | 07.08.2007-ൽ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | അതിൽ മേൽത്തട്ട് പരിധി എത്ര രൂപയായിരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; | (ബി) | അന്തിമ റിപ്പോർട്ട് ലഭിക്കുന്നതുവരെ 2.50 ലക്ഷം രൂപയായി നിശ്ചയിച്ചിരിക്കുന്നു. |
| (സി) | ഇടക്കാല റിപ്പോർട്ടിൽ മേൽത്തട്ട് പരിധി നിർണ്ണയിക്കുന്നതിന് ശുപാർശ ചെയ്ത തുകയും കേന്ദ്ര ഗവൺമെന്റ് നിർണ്ണയിച്ച തുകയും തുല്യമാണോ; | (സി) | അതെ. |
| (ഡി) | മേൽത്തട്ട് നിർണ്ണയിക്കുന്നതിനുള്ള വരുമാന പരിധിയിൽ നിന്നും കേന്ദ്ര സർക്കാർ ചില സമുദായങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | പ്രസ്തുത സമുദായങ്ങൾ സംസ്ഥാനത്തുള്ള പക്ഷം ആ സമുദായങ്ങളെ മേൽത്തട്ട് സംബന്ധിച്ച ആദായ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ഇ) | പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളെ സംസ്ഥാന സർക്കാർ വരുമാന പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 23 — 4.9-2007ൽ മറുപടിക്ക്

## പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വർക്കല കഹാർ | ശ്രീ.സി.ദിവാകരൻ (ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപ[illegible] സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ). സംസ്ഥാനത്തിന് പ്രതിദിനം ആവശ്യമുള്ള പാൽ എത്രയാണ്; | (എ) സംസ്ഥാനത്ത് പ്രതിദിനം 80 ലക്ഷം ലിറ്റർ പാൽ വിതരണത്തിനാവശ്യമാണെന്നു കണക്കാക്കപ്പെടുന്നു. |
| (ബി) അതിൽ എത്ര പാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്; | (ബി) 2006-07 ലെ കണക്കുകൾ പ്രകാരം പ്രതിദിനം 55.91 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുവെന്നു കണക്കാക്കപ്പെടുന്നു. |
| (സി) പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത എന്നു കൈവരുത്തുവാനാണ് ഉദ്ദേശിക്കുന്നത്;<br>(ഡി) അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (സി& ഡി) ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പശുഗ്രാമം, മിൽക്ക് ഷെഡ് വികസനം വ്യാപകമായ രീതിയിൽ തീറ്റപ്പുൽ കൃഷി, [illegible]യുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യമാക്കുക, ഊർജ്ജിത കന്നുകാലി വികസനം, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും, രോഗനിയന്ത്രണം വഴി കന്നുകാലി സമ്പത്തിന്റെ ആരോഗ്യ നില ഉറപ്പു വരുത്തുന്ന ഗോരക്ഷാ പദ്ധതി, ശാസ്ത്രീയ കന്നുകാലി പ്രജനനവും, [illegible] വിത്തുകാള, ഗോരേഖ, ക്ഷീരധാര, [illegible] |

പദ്ധതി, ഗുണമേന്മ കൂടിയ വിത്തുകാളകളുടെ ഇറക്കുമതി, വന്ധ്യതയുള്ള പശുക്കളേയും കിടാരികളേയും പരിശോധിച്ചു ചികിത്സ നൽകി വരുന്ന വന്ധ്യതാ നിവാരണ ക്യാമ്പുകൾ തുടങ്ങിയ പദ്ധതികൾ ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പുകളും കെ.എൽ.ഡി. ബോർഡും സംയുക്തമായി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 24** — 4-9-2007ൽ മറുപടിക്ക്

## പാലിന്റെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എം.ജെ.ജേക്കബ്<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വില ഉപഭോക്തൃ സംരക്ഷണ വും മന്ത്രി) |
| (എ) വിവിധ ബ്രാൻഡുകളിൽ സംസ്ഥാനത്ത് വിപണിയിലെത്തുന്ന പാലുകൾ പലതും ഗുണനിലവാരമില്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ) ഉണ്ട്. |
| (ബി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (ബി) സംസ്ഥാനത്ത് വിപണനം നടത്തുന്ന പാലും, പാലുല്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പു വരുത്തുവാൻ പി.എഫ്.എ.(പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ) നിയമ പ്രകാരം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഫുഡ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. കൂടാതെ ആവശ്യസാധന നിയന്ത്രണ നിയമത്തിലെ മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ (എം.എം.പി.ഒ) പ്രകാരം ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരും സാമ്പിളുകൾ ശേഖരിച്ചു പരിശോധന നടത്തുകയും, ഡയറികൾ പരിശോധിച്ച്, പാലിന്റേയും പാലുല്പന്നങ്ങളുടേയും നിർമ്മാണവും ശുദ്ധവും സുരക്ഷിതവുമായാണ് നടക്കുന്നതെന്നു ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. മാത്രമല്ല മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ പ്രകാരം പാലും പാലുല്പന്നങ്ങളും സംഭരിച്ച് വിപണനം ചെയ്യുന്ന ഡയറികൾ രജിസ്റ്റർ ചെയ്യുന്ന സ്റ്റേറ്റ് രജിസ്റ്ററിംഗ് അതോറിറ്റി ക്ഷീരവികസന വകുപ്പ് ഡയറക്ടറാണ് അതിനാൽ വിപണിയിൽ നിന്ന് പാൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നതിനുള്ള |

(സി) ഗുണനിലവാരം ഇല്ലാത്തതിന്റെ പേരിൽ കഴിഞ്ഞ ഒരു വർഷം ഏതെല്ലാം ബ്രാന്റുകൾക്കെതിരെ നടപടിസ്വീകരിച്ചിട്ടുണ്ട്;

അധികാരം ക്ഷീരവികസന വകുപ്പിലെ ജില്ലാതല ഗുണനിയന്ത്രണ ഉദ്യോഗസ്ഥർക്കുണ്ട് പാലിന്റേയും പാലുല്പന്നങ്ങളുടേയും സ്റ്റാറ്റ്യൂട്ടറി പരിശോധന എം.എം.പി.ഒ പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള ക്ഷീരവികസന വകുപ്പിന്റെ ആലത്തൂരിലെ ലാബോറട്ടറിയിൽ നടത്തുകയും ചെയ്യുന്നുണ്ട്

(സി) ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ പാൽ വിപണനം തടയുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ഫെബ്രുവരി വരെ 3364 വിപണി പാൽ സാമ്പിളികൾ പരിശോധന നടത്തി ഗുണനിലവാരം കുറഞ്ഞ 237 സാമ്പിളുകളുടെ നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചു. കൂടാതെ മിൽക്ക് വിജിലൻസ് സ്ക്വാഡ് പരിശോധന നടത്തിയതിൽ 4 സ്ഥാപനങ്ങൾക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതിന്നു പുറമേ എം.എം.പി.ഒ നിയമപ്രകാരം നിർമ്മൽ ഗ്രാം വനിതാ ഡയറി സൊസൈറ്റിയുടെ സംസ്കരണശേഷി 33,000 ലിറ്ററിൽ നിന്നും 24,000 ലിറ്ററായി കുറച്ചു. കാമധേനു, പ്രിയങ്ക എന്നീ ഡയറികളുടെ പ്രവർത്തനം നിരോധിക്കുകയും ആര്യ, നന്ദിനി, സുനന്ദിനി എന്നീ ബ്രാന്റുകളുടെ കേരളത്തിലെവിപണനം നിരോധിക്കുകയും ചെയ്തു.

(ഡി) മിൽമ പാലിന്റെ വിതരണം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

(ഡി) മിൽമാ പാൽ വിതരണം കാര്യക്ഷമമാക്കാൻ പരമാവധി ഉല്പാദനം വർദ്ധിപ്പിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. പാൽ വിതരണത്തിന് മിൽമയ്ക്ക് സ്വന്തമായ സംവിധാനവും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25 — 04.09.2007 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

**ചോദ്യം**
ശ്രീ വി ശശികുമാർ
ശ്രീ സി.കെ പി പത്മനാഭൻ
ശ്രീ പി.വിശ്വൻ
ശ്രീ.ജോർജ്ജ് എം.തോമസ്
ശ്രീ.പി.കൃഷ്ണപ്രസാദ്

**ഉത്തരം**
ശ്രീ.വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഈ വർഷം ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | കാലവർഷം തുടങ്ങിയ 2007 മെയ് മുതൽ 31.08.2007 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിവിധ ജില്ലകൾക്ക് 9,07,78,500/ രൂപ നൽകിയിട്ടുണ്ട്. ഇതിൽ 5 കോടി രൂപ ചിക്കൻഗുനിയബാധിത പ്രദേശങ്ങളിൽ കിറ്റ് വിതരണത്തിനു വേണ്ടിയും 47.78 ലക്ഷം രൂപ സൗജന്യ റേഷൻ വിതരണത്തിലേക്കും 20 ലക്ഷം രൂപ പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ പകർച്ചപനി മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായമായും നൽകിയിട്ടുണ്ട്. കാലവർഷക്കെടുതിയ്ക്കു മാത്രമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പ്രത്യേകമായി തുക അനുവദിക്കാറില്ല. ഇതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി നിലവിലുണ്ട്. |
| (ബി) | ദുരിതാശ്വാസനിധിയിലേക്ക് സംഭാവനകൾ സ്വരൂപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അദ്ധ്യാപകർ ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്ന് സംഭാവനകൾ സ്വരൂപിക്കുന്നതിനായി 09.08.2007 ലെ സർക്കുലർ നമ്പർ 67240/സി.ഡി.എൻ5/07/ധന. പുറപ്പെടുവിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനയ്ക്കായി ബഹു.മുഖ്യമന്ത്രി 31.07.07-ന് പൊതുജനങ്ങളോട് അഭ്യർത്ഥന പുറപ്പെടുവിക്കുകയും 16.8.2007ന് ബാങ്ക്, പൊതുമേഖലാ സ്ഥാപനങ്ങൾ,ഐ.ടി സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, അംഗീകൃത സർവീസ് സംഘടനകൾ, ട്രേഡ് യൂണിയനുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, വ്യാപാരി വ്യവസായ പ്രതിനിധികൾ തുടങ്ങിയവരുടെ യോഗം വിളിച്ച് ചേർക്കുകയും അവരുടെ സഹായം അഭ്യർത്ഥിക്കുകയും അവർ സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംഭാവനകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

---

| | | |
|---|---|---|
| (സി) | കാലവർഷം, പകർച്ചപ്പനി എന്നിവയ്ക്കുള്ള ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ എന്തു തുക അനുവദിച്ചു? | 2007 ജൂൺ, ജൂലൈ മാസങ്ങളിലെ പ്രളയ കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനും മറ്റു ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി കേന്ദ്രസർക്കാർ നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും 50 കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിച്ചു. കൂടാതെ സംസ്ഥാനത്തിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയുടെ ഈ വർഷത്തെ കേന്ദ്രവിഹിതമായ 70.73 കോടി രൂപയും രണ്ടു ഗഡുക്കളായി ഇതിനകം അനുവദിച്ചിട്ടുണ്ട്. പകർച്ചപ്പനിയോട് ബന്ധപ്പെട്ട് ദുരിതാശ്വാസത്തിനായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുകയുടെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ് |
| (ഡി) | കേന്ദ്രത്തിൽ നിന്നും അർഹമായ ദുരിതാശ്വാസം ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | കാലവർഷക്കെടുതികൾ വിവിധ വകുപ്പുകളിലെ പ്രതിനിധികൾ വിലയിരുത്തുകയുണ്ടായി **മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിൽ വിവിധ കക്ഷി നേതാക്കളും എം.പി.മാരുമടങ്ങുന്ന നിവേദക സംഘം പ്രധാനമന്ത്രിയെ കണ്ട് നിവേദനം നല്കുകയുണ്ടായി. മുഖ്യമന്ത്രി, കേന്ദ്ര ആഭ്യന്തര മന്ത്രിയെ കണ്ട് നിവേദനം സമർപ്പിക്കുകയും കേരളത്തിന് അർഹതപ്പെട്ട പരമാവധി ദുരിതാശ്വാസം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.** നാശനഷ്ടങ്ങളുടെ കണക്കുകൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തു. 1431.[illegible] കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി ആദ്യം കണക്കാക്കി **ഒരു മെമ്മോറാണ്ടം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു.** കേന്ദ്ര ഗവൺമെന്റയച്ച ഒരു ഇന്റർ മിനിസ്റ്റീരിയൽ ടീമും സംസ്ഥാനം സന്ദർശിക്കുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും ചെയ്തു. ഇതിനിടെ ശേഖരിച്ച കൂടുതൽ നാശനഷ്ടങ്ങളുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആകെ 1532.34 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുകയും അതിൽ കലാമിറ്റി റിലീഫ് മാനദണ്ഡ പ്രകാരം അർഹമായ 641.29 കോടി രൂപ അഭ്യർത്ഥിച്ചുകൊണ്ട് അനുബന്ധ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുമുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 26 04-09-2007 ൽ മറുപടിയ്ക്ക്

## ഐ.ടി.ഫിനിഷിംഗ് സ്കൂളുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.എം.കെ.പ്രേംനാഥ്,<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.കെ.പി.മോഹനൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ ഐ.ടി ഫിനിഷിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | സർക്കാർ തലത്തിൽ ഐ.ടി ഫിനിഷിംഗ് സ്കൂളുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| (ബി) ഐ.ടി ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഐ.ടി.നയത്തിന്റെ അടിസ്ഥാനത്തിൽ നിലപാട് വിശദമാക്കുമോ;<br><br>(സി) പുതുതായി ഐ.ടി ഫിനിഷിംഗ് സ്ക്കൂളുകൾ ആരംഭിക്കുന്നതു സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാ | (ബി) & (സി) വ്യവസായ പങ്കാളിത്തത്തോടെ ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിക്കുക എന്നത് ഐ.ടി.നയത്തിൽ ഉൾപ്പെടുന്ന കാര്യമാണ്. ഐ.ടി മിഷനും IHRDയും മറ്റു ഏജൻസികളുമായി ചേർന്ന് ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരി |

| | |
|---|---|
| ക്കുമോ; | ച്ചി ട്ടുണ്ട്. പ്രവർത്തനപരിചയമുള്ള സ്വകാര്യസംരംഭകർ ഫിനിഷിംഗ് സ്കൂൾ തുടങ്ങുന്നതിന് മുന്നോട്ടു വന്നാൽ ആവശ്യമായ പ്രോത്സാഹനം സർക്കാർ നൽകുന്നതാണ് |
| (ഡി) പുതുതായി ഐ.ടി ഫിനിഷിംഗ് സ്കൂളുകൾ ആരംഭിയ്ക്കുന്നതിന് കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) പുതുതായി ഐ.ടി ഫിനിഷിംഗ് സ്കൂളുകൾ ആരംഭിയ്ക്കുന്നതിന് പൊതുമേഖല യിലുള്ള IHRD യുമായി ധാരണയിൽ എത്തിയിട്ടുണ്ട്. മറ്റു പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

Padmavathy

സെക്ഷൻ ആഫീസർ

———— ———————— ————

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 27 04.09.2007ൽ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങൾ വീട്ടുമുറ്റത്ത് എത്തിച്ചു കൊടുക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ പി. തിലോത്തമൻ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) നിത്യോപയോഗ സാധനങ്ങൾ വീട്ടുമുറ്റത്ത് എത്തിച്ചു കൊടുക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) നിത്യോപയോഗസാധനങ്ങൾ വീട്ടുമുറ്റത്ത് എത്തിച്ചുകൊടുക്കുന്നതിനായി സപ്ലൈകോ E-retailing എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നിലവിലുള്ള ഏഴ് മൊബൈൽ മാവേലിവഴിയായി അവശ്യസാധനങ്ങൾ ഓരോ പാർപ്പിട മേഖലകളിലും എത്തിച്ചും കച്ചവടം നടത്തിവരുന്നുണ്ട്. കൂടാതെ Stretch retailing എന്ന പദ്ധതിയിലൂടെ ഓരോ പഞ്ചായത്ത് പ്രദേശങ്ങളിലെയും വീടുകളിൽ ഡോർ ഡെലിവറി നടത്തുന്നതിന് ഒരു പദ്ധതിയും ഉണ്ട്. |
| (ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഇതു വരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (ബി) ഇ-റീട്ടെയിലിംഗ് പദ്ധതിയ്ക്കായുള്ള കമ്പ്യൂട്ടർ വെബ് സൈറ്റ് നിർമ്മാണം പുരോഗമിച്ചുവരുന്നു. സ്ട്രെച്ച് റീട്ടെയിലിംഗിനായി കുടുംബശ്രീ വഴി ബന്ധപ്പെട്ട് ഓട്ടോറിക്ഷാ ഡ്രൈവിംഗ് ലൈസൻസുള്ള 35 വയസിൽ താഴെ പ്രായമുള്ള എസ്. എസ്. എൽ. സി. പാസായ യുവതികളെ ക്യാൻവാസ് ചെയ്തുവെങ്കിലും നിലവിലുള്ള മാർജിൻ നിരക്ക് കുറവായതിനാൽ ഏജൻസി എടുക്കുവാൻ ഒരു ഏജന്റ് ഒഴികെ ആരും മുന്നോട്ട് വന്നിട്ടില്ല. അതിനാൽ നിലവിലുള്ള പദ്ധതി പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് കുടുംബശ്രീ, പുരുഷ സഹായ സംഘങ്ങൾ എന്നീ സംഘടനകൾക്ക് പ്രാമുഖ്യം നല്കുന്നതിനുദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ; | (സി) കുടുംബശ്രീ ജില്ലാ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീയിൽ അംഗമായിട്ടുള്ള അർഹരായ യുവതികളെയാണ് ഈ സ്ട്രെച്ച് റീട്ടെയിലിംഗ് പദ്ധതിയിലേക്ക് ഏജന്റായി നിയമിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. അവരുടെ അഭാവത്തിൽ പദ്ധതിയുമായി സഹകരിക്കാൻ തയ്യാറുള്ള പുരുഷ സഹായ സംഘങ്ങളെയും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം :28

04.09.2007 -ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം-കാസർഗോഡ് ദേശീയ ജല പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. വി.എൻ.വാസവൻ:<br>ശ്രീ. എ.എം.ആരിഫ് :<br>ശ്രീ. എം.കെ.പുരുഷോത്തമൻ :<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം-കാസർഗോഡ് ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ ; | (എ) ദേശീയ ജലപാത ഈ വർഷം തന്നെ ഗതാഗതക്ഷമമാക്കാൻ ഉദ്ദേശിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. പുന്നമടക്കായലിലെ കാർഗോ ടെർമിനലിനാവശ്യമായ ഭൂമിയെടുക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കനാലുകളിൽ നിന്നും ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ഏതെല്ലാം ഭാഗത്തെ പണികളാണ് പൂർത്തിയായിട്ടുള്ളത്; | (ബി) ദേശീയ ജലപാത - III ലെ പണിതീർന്ന ഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഐ.ഡബ്ല്യു.എ.ഐയിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്. 12 -ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം സംസ്ഥാന ജലപാതയുടെ ഭാഗങ്ങൾ പുനരുദ്ധരിക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു. |

| | |
|---|---|
| (സി) കൊല്ലത്തുനിന്നും കോവളത്തേയ്ക്കുള്ള ജലപാത വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ; | (സി) കൊല്ലത്തുനിന്നും കോവളത്തേയ്ക്കുള്ള ജലപാതയുടെ നവീകരണ പ്രവർത്തികൾ 2010 ഓടുകൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ഡി) ദേശീയ ജലപാതയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) കേരളത്തിലെ ജലപാതകളുടെ വികസനം സംബന്ധിച്ച് 22.5.07 -ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ദേശീയ ജലപാത - III, 2007 നവംബറോടെ പൂർണ്ണ മായും ഗതാഗതയോഗ്യമാക്കുന്നതിനുള്ള മുഴുവൻ ജോലികളും പൂർത്തിയാക്കാൻ സാധിക്കുമെന്ന് ഐ.ഡബ്ല്യു.എ.ഐ. അധികാരികൾ ഉറപ്പ് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത ജോലി ഒക്ടോബർ 2007 -ൽ പൂർത്തിയാക്കു വാൻ ആവശ്യ പ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 29

4.9.2007-ൽ മറുപടിക്ക്

**കെ.എം.എം.എൽ-ന്റെ അടിസ്ഥാന നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു<br>ശ്രീ.ജി.കാർത്തികേയൻ<br>പ്രൊഫ: കെ.വി.തോമസ് | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കെ.എം.എം.എൽ-ന്റെ അടിസ്ഥാന നവീകരണ പ്രക്രിയയുടെ മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) 23.4.2004 -ലെ ജി.ഒ.(എം.എസ്) നം 46/2004/ഐ.ഡി -ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 760 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകി. ടൈറ്റാനിയം ഡയോക്സൈഡ് പ്ലാന്റിന്റെ വാർഷിക ശേഷി ഒരു ലക്ഷം ടണ്ണായി ഉയർത്തുക, 1.5 ലക്ഷം വാർഷിക ശേഷിയുള്ള മിനറൽ സെപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുക, 1.35 ലക്ഷം ടൺ സിന്തറ്റിക്ക് റൂട്ടൈൽ പ്ലാന്റ്, 10 എം.എൽ.ഡി വാർഷിക ശേഷിയുള്ള ഡീ സാലിനേഷൻ പ്ലാന്റ് എന്നിവയായിരുന്നു പ്രധാന പദ്ധതികൾ. ഇതിൻ പ്രകാരം 431 കോടി രൂപയുടെ ഓർഡറുകൾ വിവിധ ഏജൻസികൾക്കു നൽകി. പ്രോജക്ടിനാവശ്യമുള്ള ബാക്കി ഉപകരണങ്ങളുടെ ടെണ്ടർ നടപടികൾ തുടങ്ങി. |
| (ബി) നവീകരണ പദ്ധതിക്കായി ഇതു വരെ എന്തു തുക ചെലവഴിച്ചു. | (ബി) 56 കോടി രൂപ ചെലവായിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരമേറ്റശേഷം നവീകരണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നിന്നും പിന്മാറിയത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | **(സി)യും (ഡി) യും**<br><br>23.4.04-ലെ ജി.ഒ. (എം.എസ്) 46/04/ഐ.ഡി ഉത്തരവിന് വിരുദ്ധമായി കരാറുകൾ നൽകിയതും പ്രസ്തുത കരാർ നടപ്പിലാക്കാൻ മെക്കോൺ എന്ന കൺസൾട്ടൻസിക്ക് പൗവ്വർ ഓഫ് അറ്റോർണി നൽകിയത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾ പുന: പരിശോധിക്കുവാൻ കമ്പനി ഡയറക്ടർ ബോർഡ് തീരുമാനിച്ച് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.30 | 04.09.2007-ലെ മറുപടിയ്ക്ക്

### ഒന്നാം ജനകീയാസൂത്രണത്തിലെ പാളിച്ചകൾ

**ചോദ്യം**

ശ്രീ. എ.പി.അനിൽകുമാർ
ശ്രീ.എൻ.ശക്തൻ
ശ്രീ.ബി.ബാബു പ്രസാദ്

**ഉത്തരം**

ശ്രീ. വി.എസ്. അച്യുതാനന്ദൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഒന്നാം ജനകീയാസൂത്രണത്തിന്റെ നടത്തിപ്പിലുള്ള പാളിച്ചകളെപ്പറ്റി പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ.എം.ഒ.ഉമ്മനെ കമ്മീഷനായി നിയമിച്ചിരുന്നോ; എങ്കിൽ അത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | നിയമിച്ചിട്ടുണ്ട്. 30.01.2007-ലെ സ.ഉ.(സാധാ)നം.326 / 07 / തസ്വഭവ നംപർ ഉത്തരവ് പ്രകാരമാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) | കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞോ; | (ബി) | ഇല്ല |
| (സി) | അതിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ; | (സി) | ബാധകമല്ല. |
| (ഡി) | കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കാത്ത പക്ഷം അതിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രാരംഭ ചർച്ചകളും വിശദമായ പഠനങ്ങളും തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ